# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാങ്ങോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്. എ.ടി.വി.എം/ ജി.പി. 10/1954/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/02/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാങ്ങോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്. എ.ടി.വി.എം/ ജി.പി. 10/1954/21 തീയ്യതി: 08/02/2022

# തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-07-2020 മുതൽ 14-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 22-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2021 | 22-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ്.ബി.എച്ച്., ഓഡിറ്റ് ഓഫീസർ
ശ്രീമതി ശാലിനി.വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ.സി.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനുജ.എം.എൻ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി കല.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഗീത.എസ്. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി രാധാമണി.എം.ജി. | സെക്രട്ടറി | 01-04-2019 | 09-12-2019 |
| ശ്രീമതി കല.കെ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-12-2019 | 15-01-2020 |
| ശ്രീമതി രാധാമണി.എം.ജി. | സെക്രട്ടറി | 16-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബഗിത ബന്ധു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അനില പീതാംബരൻ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. ഷീജ.ബി.ജെ. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി സൌമ്യ.ആർ.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 1 | 01-04-2019 | 31-03-2020 |
| ശ്രീ. പ്രദീപ് കുമാർ.വി.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ 2 | 01-04-2019 | 31-03-2020 |
| ശ്രീമതി കുമാരി ഉഷ.ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. സുനിൽ.ബി. | എച്ച്.എം. | 01-04-2019 | 31-03-2020 |
| ഡോ. കണ്ണൻ.ടി. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 01-04-2019 | 18-10-2019 |
| ഡോ. ലക്ഷ്മി | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 19-10-2019 | 08-11-2019 |
| ഡോ. രാജീവ്.കെ.എസ് | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 09-11-2019 | 31-03-2020 |
| ശ്രീ. സനൽകുമാർ.എസ്.കെ. | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2019 | 22-11-2019 |
| ശ്രീ. വിഷ്ണു | അസിസ്റ്റൻ്റ് എഞ്ചിനീയർ | 23-11-2019 | 31-03-2020 |
| ശ്രീമതി സൌമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 05-02-2020 |
| ശ്രീമതി സിംന.ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി കല.കെ.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 24-12-2021) | 1-1 |
| 2 | ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: THANUJA M.N. (Senior Grade Auditor, On 24-12-2021)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 24-12-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 05-02-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം-അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-3-1 |
| 7 | പദ്ധതി രൂപീകരണം<br>Written By: Shalini V K (Senior Grade Auditor, On 22-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-4 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: THANUJA M.N. (Senior Grade Auditor, On 27-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-5-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-5-2 |
| 11 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-5-3 |
| 12 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 17-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-6 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 26-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 26-12-2021) | 1-7 |
| 14 | തൊഴിലുറപ്പ് പദ്ധതി<br>Written By: Shalini V K (Senior Grade Auditor, On 22-12-2021)<br>Last Updated By: Shalini V K (Senior Grade Auditor, On 28-12-2021) | 1-8 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 18-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 18-12-2021) | 1-9 |
| 16 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: KALA P. (Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-10 |

| | | |
|---|---|---|
| 17 | വസ്തു നികുതി നിർണയം - ഫോം 6 പരിശോധനയ്ക്ക് ലഭ്യമായില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-11 |
| 18 | പഞ്ചായത്തിൽ സേവന നികുതി ചുമത്തിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-12 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-13 |
| 20 | സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-14 |
| 21 | പാർപ്പിടാവശ്യത്തിനായി ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-15 |
| 22 | ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണയം<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-16 |
| 23 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-17 |
| 24 | തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-17-1 |
| 25 | സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-17-2 |
| 26 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-17-3 |
| 27 | ബാങ്കുകളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 26-12-2021) | 1-17-4 |
| 28 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലോഡ്ജിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-17-5 |
| 29 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-17-6 |
| 30 | വികസനരേഖ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-17-7 |
| 31 | വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 1-17-8 |
| 32 | വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം<br>Written By: KALA P. (Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-18 |
| 33 | വരവിനങ്ങളുടെ ഫയലുകളും രജിസ്റ്ററും ലഭ്യമാക്കിയില്ല<br>Written By: KALA P. (Auditor, On 23-12-2021) | 1-19 |

| | | |
|---|---|---|
| | Last Updated By: Manesh.B.H (Audit Officer, On 25-12-2021) | |
| 34 | ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: KALA P. (Auditor, On 23-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 25-12-2021) | 1-20 |
| 35 | ടെണ്ടർഫോറ വില ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-21 |
| 36 | പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല<br>Written By: Manesh.B.H (Audit Officer, On 25-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-22 |
| 37 | ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 25-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-23 |
| 38 | ഓഡിറ്റ് - തുടർ നടപടികൾ ഊർജ്ജിതമാക്കണം<br>Written By: Manesh.B.H (Audit Officer, On 25-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-24 |
| 39 | കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ സജീവ ഇടപെടൽ ഇല്ല<br>Written By: Manesh.B.H (Audit Officer, On 25-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-25 |
| 40 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല - 82906/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-26 |
| 41 | പൈപ്പ് ലൈൻ സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-27 |
| 42 | സെക്രട്ടറി - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-28 |
| 43 | വെറ്റിനറി സർജൻ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – 15,79,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Manesh.B.H (Audit Officer, On 25-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-29 |
| 44 | ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ്-അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-30 |
| 45 | സ്പിൽ ഓവർ പ്രവൃത്തികൾ- തൻവർഷവും പൂർത്തീകരിച്ചിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-31 |
| 46 | ഊറാംകുഴി കോളനി നടപ്പാത - കരാറുകാരന് അധിക തുക നൽകി<br>Written By: Shalini V K (Senior Grade Auditor, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-32 |
| 47 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-33 |
| 48 | വാഴോട്ടുകാല കുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-34 |
| 49 | ഇലക്ട്രിക്കൽ പ്രവൃത്തി- കരാറുകാരന് മുഴുവൻ തുകയും നൽകി<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-35 |

| | | |
|---|---|---|
| 50 | ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-36 |
| 51 | റോഡ് കണക്ടിവിറ്റി പ്ലാൻ-ആധികാരികമാക്കിയിട്ടില്ല<br>Written By: Shalini V K (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-37 |
| 52 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-2,08,331/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-38 |
| 53 | പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കൽ നടപടിക്രമങ്ങളിൽ വീഴ്ച<br>Written By: THANUJA M.N. (Senior Grade Auditor, On 23-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-39 |
| 54 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാകാൻ കാലതാമസം<br>Written By: Manesh.B.H (Audit Officer, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 31-01-2022) | 1-40 |
| 55 | യോഗ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-41 |
| 56 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Manesh.B.H (Audit Officer, On 22-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-42 |
| 57 | മുൻകൂറായി നൽകിയ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമായില്ല -4,28,300/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 26-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 1-43 |
| | ഭാഗം **2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 26-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 26-12-2021) | 2-1 |
| | ഭാഗം **3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 26-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 26-12-2021) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 27-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 27-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 17-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 17-12-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: THANUJA M.N. (Senior Grade Auditor, On 27-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 17-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 17-12-2021) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 17-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 27-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 27-12-2021)<br>Last Updated By: Manesh.B.H (Audit Officer, On 27-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 26-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 17-12-2021)<br>Last Updated By: Reni L.S. (Computer Assistant, On 01-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08.02.2019ലെ തീരുമാനം III/4നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 27776772/- രൂപയും, പ്രതീക്ഷിത വരുമാനം 328345740/-രൂപയും ചേർത്ത് ആകെ വരവ് 356122512/-രൂപയും ആകെ ചെലവ് 279391972/-രൂപയും നീക്കിബാക്കി 22298740/-രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019ലെ തീരുമാനം 1(1) പ്രകാരം 2019-20വർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ബജറ്റ്-നടപടിക്രങ്ങൾ പാലിച്ചിട്ടില്ല

02.12.2016-ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി, നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ബജറ്റ് അവലോകനം നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2019-20 പുതുക്കിയ ബജറ്റും വാർഷിക ധനകാര്യ പത്രികയും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 3000000 | 2374545 |
| 2 | 1102001 | തൊഴിൽ നികുതി | 1600000 | 1220190 |
| 3 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 1000000 | 488237 |
| 4 | 1303001 | ലൈസൻസ് ഫീസ് | 150000 | 142340 |

II) 2019-20 ബജറ്റ്, 2020-21 ലെ ബജറ്റിനൊപ്പം പാസാക്കിയ 2019-20ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെ ചുവടെ ചേർത്തിട്ടുള്ള ഹെഡ് ഓഫ് അക്കൌണ്ടുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501002 | കൃഷിയും അനുബന്ധ മേഖലയും - മറ്റു വിളകൾ | - | - | 832600 |

| | | | | | |
|---|---|---|---|---|---|
| 2 | 2501004 | കൃഷിയും അനുബന്ധ മേഖലയും - മൃഗസംരക്ഷണം | - | - | 403000 |
| 3 | 2501039 | മൃഗസംരക്ഷണം -പശ്ചാത്തലസൗകര്യങ്ങൾ | - | - | 500000 |
| 4 | 2501041 | മൃഗസംരക്ഷണം -അനുബന്ധസൗകര്യങ്ങൾ | - | - | 15000 |
| 5 | 2501046 | ക്ഷീരവികസനം- സംഭരണവും വിപണനവും | - | - | 304898 |
| 6 | 2503001 | ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും | - | - | 458834 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട് .ആയതിനാൽ മേൽ പട്ടികയിൽ പറയുംപ്രകാരം ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

III)ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് (ബജറ്റ്) | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501005 | കൃഷിയും അനുബന്ധ മേഖലകളും - ക്ഷീരവികസനം | 1800000 | - |
| 2 | 2501009 | കൃഷിയും അനുബന്ധ മേഖലകളും - തെങ്ങ് കൃഷി | 55000 | - |
| 3 | 2501012 | കൃഷിയും അനുബന്ധ മേഖലകളും - വാഴ | 250000 | - |
| 4 | 2501013 | കൃഷിയും അനുബന്ധ മേഖലകളും - കിഴങ്ങ് വിളകൾ | 110500 | - |
| 5 | 2501018 | കൃഷിയും അനുബന്ധ മേഖലകളും - ഇഞ്ചി | 110500 | - |
| 6 | 2501019 | കൃഷിയും അനുബന്ധ മേഖലകളും - കുരുമുളക് | 115500 | - |
| 7 | 2501028 | കൃഷിയും അനുബന്ധ മേഖലകളും -കാർഷിക വിപണനം | 146500 | - |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 40/21.12.21ന് ഭാവിയിൽ ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് തയ്യാറാക്കുന്നതിന്

ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിലേക്കായി മേൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-20 | 22.06.2020 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2)ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും(5347166) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (34974975) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടില്ല.

4)പഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ B-2 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 23100രൂപയും B-17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് 22,800/- രൂപയുമാണ്. പ്രസ്തുത വ്യത്യാസത്തിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

5)2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2019-20 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് കോഡ് | ഇനം | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100116 | CSS-Sarva Siksha Abhiyan | 9059 |
| 2 | 320200309 | Literacy Scheme Grant | 313462 |
| 3 | 320300199 | Grants,Funds &Contributions For Specific Purposes-Other Government Agencies- | 43600 |

| | | | |
|---|---|---|---|
| | | | |
| 4 | 320700105 | Contributions For Joint Venture Projects For Capital Expenditure- From District Panchayats | 234953 |
| 5 | 320700405 | Contributions For Other Specific Purposes Revenue Expenditure- From District Panchayats | 180000 |

6)2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200322 | Grants From Suchitwa Mission | 2086073 |
| 2 | 320200323 | Grant For Keralolsavam | 20000 |
| 3 | 320300103 | Grants,Funds &Contributions For Specific Purposes-Total Sanitation | 927578 |
| 4 | 329400199 | Grants,Funds &Contributions For Specific Purposes-Other Government Agencies | 12,50,000 |
| 5 | 320700204 | Contributions For Joint Venture Projects For Revenue Expenditure- From Block Panchayats | 526691 |
| 6 | 320700205 | Contributions For Joint Venture Projects For Revenue Expenditure- From District Panchayats | 281621 |
| 7 | 320800101 | Beneficiary Contributions | 100250 |

പ്രസ്തുത തുകകൾ ഏത് അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നോ, പ്രസ്തുത ഫണ്ടുകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നോ, പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് കാരണം എന്താണെന്നോ ഉള്ള വിവരം ഓഡിറ്റ് എൻക്വയറി (നമ്പർ 17.12.2021) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

7) വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു. പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

| വായ്പ | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| HUDCO | 14833619 | 10820000 | 25653619 | 1942872 | 23710747 |
| കോ ഓപറേറ്റീവ് ബാങ്ക് | 4299195 | - | 4299195 | 2233802 | 2065393 |

8) B 5ഷെഡ്യൂളിലെ നീക്കിയിരിപ്പും (25776140) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (24916140) പൊരുത്തപ്പെടുന്നില്ല. ആയതിനുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

9)2018-19 സാമ്പത്തിക വർഷത്തെ B-7, RP-34(വരവ്), RP-34(ചെലവ്), 2019-20 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം വിവിധ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് | റിമാർക്സ് |
|---|---|---|---|---|---|
| Contractors EMD | 283811 | 24850 | 7600 | 301061 | |
| Suppliers EMD | 23500 | 34363 | - | 57863 | |
| Bidders EMD | 35925 | 15750 | - | 51675 | |
| Contractors Security Deposit | 97602 | - | - | 97602 | |
| Suppliers Security Deposit | 7779 | 3625 | - | 11404 | |
| Bidders Security Deposit | 15153 | - | - | 15153 | |
| Contractors Retention | 236288 | 4030 | - | 240318 | |
| Other Deposit | 63648 | - | - | 63648 | |
| Rent Deposit | 466949 | 13840 | 5000 | 475789 | |
| Auction Deposit | 191234 | 66800 | - | 171584 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കും പൊരുത്തപ്പെടുന്നില്ല. |
| Deposit Received For Halls & Auditoriums | - | 250 | - | 250 | |
| Election Deposits | - | 6000 | - | 6000 | |

ലഭ്യമായ ഡെപ്പോസിറ്റ് രജിസ്റ്ററിൽ നിന്നും മേൽ ഡെപ്പോസിറ്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

Contractors Security Deposit, Bidders Security Deposit, Other Deposit എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. വിവിധ ഡെപ്പോസിറ്റുകൾ സംബന്ധിച്ച മുഴുവൻ കണക്കുകളും കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

10) ഗ്രാമപഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2018-19 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മാർച്ച് മാസത്തെ ഓണറേറിയം, ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധനച്ചെലവ് എന്നിവയ്ക്ക് 2019 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

11)B 9 ഷെഡ്യൂളിൽ ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുകൾ ഉണ്ട്. ആയതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Government And Other Dues Payable-Library Cess | 135465 |

| | |
|---|---|
| Government And Other Dues Payable-Refund Of Unutilised Grants Of Prior Period | 118349 |
| Flood Cess | 2256 |
| Other Liabilities | 624000 |

Government And Other Dues Payable-Refund Of Unutilised Grants Of Prior Period, Other Liabilities എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പായുള്ള തുകകൾ 2018-19 ലെ നീക്കിയിരിപ്പ് തന്നെയാണ്.

12)ബി 9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 12740/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 17.12.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

13)സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

14) ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയ്ക്കായി പൊതുമരാമത്ത് വകുപ്പിന് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ ആയത് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പേര് | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| S0117/20 | പാങ്ങോട് കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 250000 | 208331 |

15)വാർഷിക ധനകാര്യ പത്രിക B18ഷെഡ്യൂളിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനായി ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. അഡ്വാൻസ് തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞില്ല.

| ക്രമ നമ്പർ | ഇനം | മുന്നിരിപ്പ്(2018-19 B18) | വരവ് | ചെലവ് | നീക്കിയിരിപ്പ്(2019-20 B18) |
|---|---|---|---|---|---|
| 1 | Temporary Advance For Official Purposes | 631984 | 1402140 | 770156 | -** |
| 2 | Advance To Implementing Officers-Deposit With KWA | 3178640 | - | 100000 | 3278640 |
| 3 | Advance To Implementing Officers-Deposit With KSEB | 34025 | - | 82906 | 116931 |
| 4 | Advance To Implementing Officers-Deposit With PWD | 120000 | - | - | 120000 |
| 5 | Advance To Implementing Officers | 278991 | 132371 | 1232414 | 1040161 |
| 6 | Festival Advances | 3000 | 12000 | 90000 | 9000 |
| 7 | Advance To Others | - | 43989 | 665668 | 621679 |

**Temporary Advance For Official Purposes, Advance To Implementing Officers, Festival Advances വാർഷിക

ധനകാര്യപത്രികയിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2018-19 വാർഷിക ധനകാര്യപത്രികയിലെ B18ൽ ഉൾപ്പെട്ട നീക്കിയിരിപ്പായ മുൻകൂറുകൾ ഏതൊക്കെ പ്രവൃത്തികൾക്കാണോ നൽകിയിട്ടുള്ളത് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും പ്രസ്തുത പ്രവൃത്തകൾ പൂർത്തീകരിച്ചിട്ടില്ല എങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് എൻക്വയറി നം 17.12.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

16)ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

I)നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര്/അക്കൗണ്ട് നമ്പർ | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ /തീയതി | തുക |
|---|---|---|---|---|
| 1 | DCB,പാങ്ങോട് /020741201230001 | 21800849/30.01.19 | 038688/24.1.19 | 1000/- |

II)ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ബാങ്കിന്റെ പേര്/അക്കൗണ്ട് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | ട്രഷറി ടി എസ് ബി /799011400001244 | 05.09.19 | 1000000 |
| 2 | „ | 05.9.19 | 285000 |

17) I(14d) പ്രകാരമുള്ള ക്ഷേമപെൻഷൻ തുകകളും ആയത് പരിശോധിയ്ക്കുന്നതിനായി ലഭ്യമാക്കിയ രേഖകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | AFS പ്രകാരമുള്ള തുക | രജിസ്റ്റർ/DBT Statement പ്രകാരമുള്ള തുക |
|---|---|---|---|
| 1 | Indira Gandhi National Old Age Pension | 15360000 | 4490600 |
| 2 | Pension For Agriculture Workers | 3882000 | 917800 |
| 3 | Indira Gandhi National Destitute /Widow Pension | 10980600 | 3137600 |
| 4 | Pension For Unmarried Women Aged Above 50 | 145800 | 35800 |
| 5 | Indira Gandhi National Disabled Pension | 2587100 | 714000 |

18) I-18 Schedule പ്രകാരം Residential Building ഇനത്തിൽ 20424/ -രൂപയും Non-residential Building ഇനത്തിൽ 35033/- രൂപയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 50/22.12.2021) പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

19) I(14d) പ്രകാരമുള്ള തൊഴിൽ രഹിത വേതനയിനത്തിലെ തുകയും ആയത് പരിശോധിയ്ക്കുന്നതിനായി നൽകിയ രേഖകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | AFS പ്രകാരമുള്ള തുക | രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 509400 | 236760 |

20)എം.എൻ.ആർ.ഇ.ജി.എസിന്റെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്

ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ക്യാഷ് ബുക്ക് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2022 | 2022 |
| വരവ് | 2649107 | 2646107 |
| ചെലവ് | 2518088 | 2515088 |
| നീക്കിയിരിപ്പ് | 133041 | 133041 |

21)വസ്തു നികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളും എ.എഫ്.എസ് പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| സഞ്ചയ പ്രകാരം | 2708600 | 2377427 | 280839 |
| എ.എഫ്.എസ് പ്രകാരം | 2703712 | 2374545 | 289380 |

22)നികുതി നികുതിയേതര വരവുകളുടെ എ.എഫ്.എസ്.പ്രകാരമുള്ള DCBയും രജിസ്റ്റർ പ്രകാരമുള്ള DCBയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | |
| 1 | തൊഴിൽ നികുതി) (institutions) | 386400 | - | 381100 | - | 5300 | - | രജിസ്റ്ററിൽ DCB എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | തൊഴിൽ നികുതി(employees | 852865 | - | 839090 | - | - | - | AFS പ്രകാരമുള്ള DCB യും പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിൽ DCB എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 3 | കെട്ടിടങ്ങളുടെ വാടക | 1314896 | - | 488237 | | - | | " |

23)ചുവടെ ചേർക്കുന്ന പദ്ധതികളുടെ ചെലവ് നടന്നിട്ടുണ്ടെങ്കിലും 2019-20 സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പേര് | ബിൽ നമ്പർ/തുക |
|---|---|---|---|
| 1 | 197 | വി കെ പൊയ്ക ശിവക്ഷേത്രം റോഡ് റീടാറിംഗുംസൈഡ് കോൺക്രീ | 27/18.01.2020/ 1064322/- |
| 2 | 199 | തണ്ണിച്ചാൽ നാലുമുക്ക് റോഡ് ഓട നിർമ്മാണം | 22/20.9.19/ 820810/- |

24) 2019-20 സുലേഖ ചെലവ് പത്രികയിൽ താഴെ പറയുന്ന പദ്ധതികളുടെ തുകകൾ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

മേൽ തുകകൾ RTGS ചെയ്തിരിക്കുന്നത് 2020-21 സാമ്പത്തിക വർഷത്തിലാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പേര് | ചെക്ക് നമ്പർ/തുക | RTGS ചെയ്ത തീയതി |
|---|---|---|---|---|
| 1 | 194 | തണ്ണിയം ക്ഷേത്രം ജംങ്ഷനിൽ ടി വി കിയോസ്ക് | 1788939/23.1.20/ 7902/- | 17.6.20 |
| 2 | 179 | കൃഷിഭവൻ കുഴൽക്കിണർ നിർമ്മാണം | 464271/11.2.20 129114/- | 17.6.20 |

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 20/18.12.21 , 50/22.12.2021 എന്നിവ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക | ക്യൂബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 17399282 | 17399282 | 16190700 *A | 1208582 | |
| വികസനഫണ്ട്(എസ്.സി.പി) | 0 | 10017059 | 10017059 | 6008120 *B | 4008939 | |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2375588 | 2375588 | 1893856 *C | 481732 | |
| CFC(untied) | 0 | 15362787 | 15362787 | 5234349 *D | 10128438 | |
| Maintenance Fund(nonroad) | 0 | 7308000 | 7308000 | 3167344 | 4140656 | |
| Maintenance Fund(road) | 0 | 24380000 | 24380000 | 6422822 *E | 17957178 | |
| CSS *F | 0 | 0 | 0 | 2647362 | -2647362 | |
| SSS *G | 0 | 0 | 0 | 0 | 0 | |

*A ACR പ്രകാരമുള്ള ചെലവ് 14896582/-രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 5655178/-രൂപയാണ്.

*C ACR പ്രകാരമുള്ള ചെലവ് 1598044/- രൂപയാണ്.

*D ACR പ്രകാരമുള്ള ചെലവ് 6200946/- രൂപയാണ്.

*E ACR പ്രകാരമുള്ള ചെലവ് 9068815/- രൂപയാണ്.

*F കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*G സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്,

നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

## 1-3-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

1)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30% എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 48,22,800/-രൂപയാണ്. എന്നാൽ ഉല്പാദന മേഖലയ്ക്ക് ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള തുകയിൽ കൂടുതൽ തുക (5462000/-) വകയിരുത്തിയിരുന്നുവെങ്കിലും ആകെ ചെലവഴിച്ചിരിക്കുന്നത് 21,93,611/-രൂപ മാത്രമാണ്. വകയിരുത്തലിന്റെ 40% മാത്രമാണ് ചെലവഴിച്ചത്.

2)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാ ഘടക പദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 28,85,100/- രൂപയാണ്. ആകെ 35,77,750/-രൂപ വനിതാ ഘടക പദ്ധതിയ്ക്കായി അടങ്കൽ വകയിരുത്തിയിട്ടുണ്ടെങ്കിലും 13,69,900/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 38% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

3)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണ്ടേതാണ്. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനപദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 14,42,550/- രൂപയാണ്. എന്നാൽ ആകെ 10,86,700/-രൂപയാണ് പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി അടങ്കൽ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 7,26,107/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 67% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

4)സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർപ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം. ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക 14,42,550/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി ആകെ 20,76,765/- രൂപ അടങ്കൽ വകയിരുത്തിയിട്ടുണ്ടെങ്കിലും 11,43,156/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 55% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

പാർശ്വവൽക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾതയ്യാറാക്കി നടപ്പിലാക്കുകയെന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-4 പദ്ധതി രൂപീകരണം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 149124325 | 110 | 70123443 | 0 | 108 | 49.5 |

പദ്ധതി രൂപീകരണം-അപാകതകൾ

1)സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ 2.10.2018ലാണ് ആസൂത്രണസമിതി യോഗം ചേർന്നിട്ടുള്ളത്. 2018-19 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ കാര്യക്ഷമമായ

പ്രവർത്തനം വേണമെന്ന നിർദ്ദേശം മാത്രമാണ് പ്രസ്തുത യോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. അപ്രകാരം പുനഃ സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (നമ്പർ 35) മറുപടി ലഭ്യമാക്കിയില്ല.

2)സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ മൂന്ന പ്രാവശ്യമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നതായി കാണുന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സുകളിൽ രേഖപ്പെടുത്തലുകൾ വരുത്തി ക്ലോസ് ചെയ്തതായി കാണുന്നില്ല(ദാരിദ്ര്യ ലഘൂകരണം, വിദ്യാഭ്യാസം, സംസ്കാരം, കലാകായികം, വിനോദം, യുവജനക്ഷേമം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ഒഴികെ). പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

3)സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.2.1(1) പ്രാദേശിക ആസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ 2019-20വർഷം ജനുവരി 2019ലും നവംബർ 2019ലും ആണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. മേൽ പരാമർശിച്ചിട്ടുള്ള രണ്ട് ഗ്രാമസഭായോഗങ്ങളിലും വ്യക്തിഗത/ഗ്രൂപ്പ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ മാത്രമാണ് നടന്നിട്ടുള്ളത്. തുടർന്നുള്ള ഫെബ്രുവരി 2020ലെ ഗ്രാമസഭയിൽ 2020-21 വർഷത്തെ വാർഷിക പദ്ധതി രൂപീകരണമാണ് മുഖ്യ അജണ്ട. പദ്ധതി രൂപീകരണ ഊരുകൂട്ട യോഗങ്ങൾ ഒക്ടോബർ 2018ലും വിവിധ പദ്ധതികളിൽ ആനുകൂല്യം നൽകുന്നതിനുള്ള ഊരുകൂട്ട യോഗങ്ങൾ ജനുവരി 2019 ലുമാണ് നടന്നിട്ടുള്ളത്. ഈ യോഗങ്ങളിലൊന്നും തന്നെ പ്രോജക്ടുകളുടെ മുൻഗണന നിർണയിച്ചതായി കാണുന്നില്ല.

4)സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.4.2 (1) പ്രകാരം പദ്ധതിയ്ക്ക് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായി മേഖലാവിഭജന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ഓരോ മേഖലയിലും വകയിരുത്തേണ്ട തുക അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് മേഖല, ഉപമേഖലാ വിഹിതങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയിൻമേൽ ഭരണസമിതി കൈക്കൊള്ളേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളെ സംബന്ധിച്ച ശുപാർശകൾ നൽകിയിട്ടുണ്ടെങ്കിലും മേഖലാ വിഭജനം, അനിവാര്യ വകയിരുത്തൽ എന്നിവ പരിശോധിച്ച ശേഷമാണോ ശുപാർശകൾനൽകിയിട്ടുള്ളതെന്ന് വ്യക്തമല്ല.

5)സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി തയ്യാറാക്കിയിട്ടില്ല. 2017ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ടാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പ്രശ്നങ്ങൾക്കുള്ള പരിഹാരമായാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതെന്നതിനാൽ സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടത് അനിവാര്യമാണ്.
6)സ.ഉ(കൈ) നം.11/2018/lsgd. Dated 29.1.2019 Para 3.3 പ്രകാരം വാർഷിക പദ്ധതിയിലെ മുൻഗണനകൾക്കും വികസനതന്ത്രങ്ങൾക്കും മൂർത്തരൂപം നൽകുന്നതിനായാണ് വികസന സെമിനാർ ചേരുന്നത്. വികസന സെമിനാർ മിനിട്സ് പരിശോധിച്ചതിൽ 12.11.2018ൽ വികസന സെമിനാർ ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

7) സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക 149124325 രൂപയും ചെലവ് 70123443 രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 47% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 5462000 | 2193611 | 40% |
| | സേവനം | 18778096 | 13598836 | 72.4% |
| | പശ്ചാത്തലം | 875000 | 398253 | 45.5% |
| പട്ടിക ജാതി | ഉല്പാദനം | 168000 | 0 | 0 |

| | | | | |
|---|---|---|---|---|
| വിഭാഗം | സേവനം | 9401142 | 4349323 | 46% |
| | പശ്ചാത്തലം | 2816164 | 1658797 | 59% |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 2879456 | 1893856 | 66% |
| | പശ്ചാത്തലം | 0 | 0 | 0 |

മേൽ വിഷയങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 35) മറുപടി ലഭ്യമാക്കിയില്ല.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 509400 | 408 |
| കർഷകതൊഴിലാളി പെൻഷൻ | 3882000 | 606 |
| വിധവാ പെൻഷൻ | 10980600 | 2005 |
| വാർദ്ധക്യകാല പെൻഷൻ | 15360000 | 2989 |
| വികലാംഗ പെൻഷൻ | 2587100 | 458 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 780000 | 26 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 145800 | 24 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ പെൻഷൻ ഗുണഭോക്താവിന് മരണശേഷവും പെൻഷൻ നൽകിയതായി ബോദ്ധ്യപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2019-20 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| മണിയൻ പി | 102530400012 | ഡിസബിലിറ്റി പെൻഷൻ | 08.02.19 | ആക്ടീവ് | Feb,Mar,April-2019 | 3360 |

ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2019-20 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നമ്പർ | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | അമ്മുക്കുട്ടിഅമ്മ കെ. | 15.07.19 | 930389654618 | ആക്ടീവ് |
| 2 | സുബ്ബയ്യൻ ആചാരി | 27.07.19 | 270356042397 | ആക്ടീവ് |
| 3 | ഭായി | 24.07.19 | 286147407857 | ആക്ടീവ് |
| 4 | ദമയന്തി.എ | 20.07.19 | 590522821668 | ആക്ടീവ് |
| 5 | സുഹ്റാബീവി | 25.07.19 | 681887434030 | ആക്ടീവ് |
| 6 | സത്യൻ.കെ | 16.08.19 | 726103224802 | ആക്ടീവ് |
| 7 | ലളിത എസ് | 02.08.19 | 764924892356 | ആക്ടീവ് |
| 8 | പൊന്നമ്മ | 12.06.19 | 981461258760 | ആക്ടീവ് |
| 9 | മുരളീധരൻ | 01.07.19 | 830203976240 | ആക്ടീവ് |
| 10 | സുകുമാരി കെ | 18.06.19 | 220560743222 | ആക്ടീവ് |

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ

ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 36/21.12.21) അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റി

ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ ഉൾപ്പെട്ടിട്ടുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | കമലാക്ഷി | 102510200627 | 71900 |
| 2 | പങ്കജാക്ഷിഅമ്മ | 102510201537 | 72800 |
| 3 | ദേവകി | 102510202002 | 70500 |
| 4 | സരസ്വതി | 102510202459 | 38600 |
| 5 | ലളിത.റ്റി. | 102510600092 | 104580 |
| 6 | ലാലി.എസ് | 102510601132 | 89750 |
| 7 | രമ.ബി | 10251062114 | 6700 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അനർഹമായി കൈപ്പറ്റിയ തുക ട്രഷറിയിൽ അടവാക്കിയ വിവരം ലഭിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണം നമ്പർ 13/16.12.21ന്റെ മറുപടി). പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2021, 3PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,330/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തനം നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ ജീവനക്കാരുടെ യോഗം ചേരേണ്ടതുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം യോഗം ചേർന്നിട്ടില്ല. 09.08.2018ന് ശേഷം 12.06.2019നാണ് ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുള്ളത്.

2)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടില്ല.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 25.06.2019ൽ പുതുക്കി പ്രസിദ്ധീകരിച്ച പൌരാവകാശ രേഖയുടെ ഒരു പകർപ്പ് പരിശോധനയ്ക്കായി ലഭ്യമാക്കി. പ്രസ്തുത പൌരാവകാശരേഖ ഗ്രാമ സഭ വഴി പൊതുജനങ്ങൾക്ക് വിതരണം ചെയ്തതായി അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 22/20.12.2021).

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നമ്പർ 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല.

എ) തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യണം.

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ചേർക്കേണ്ട രജിസ്റ്ററുകൾ ഏതെന്ന് അതാത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8-ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതുതൻപതിവേടിൽ ചേർക്കുകയോ ചെയ്യണം.

സി) ഏഴുദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുകയും ചെയ്യണം.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്നതിനുവേണ്ടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കണം.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

എഫ്) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം.

എച്ച്) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പു വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം.

5)ഗ്രാമപഞ്ചായത്തിലെ ടോക്കൺ സമ്പ്രദായം പ്രവർത്തനക്ഷമമല്ല.

6)ലഭ്യമാക്കിയ പരാതി രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. ഉദാഹരണം 5/19ലെ B-3984/19, B1-4070/19 (നമ്പരും പേരും മാത്രം)

7)ഗ്രാമപഞ്ചായത്തിന് 26.05.2015ന് ലഭ്യമായ ISO സർട്ടിഫിക്കറ്റിന് (നമ്പർ TQS/Q-133) 25.05.2018 വരെ കാലാവധിയുണ്ടായിരുന്നു. എന്നാൽ, അത് യഥാസമയം പുതുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല. 17.07.2019ന് ലഭിച്ച, നിലവിലുള്ളISO സർട്ടിഫിക്കേഷന് (നമ്പർ TQS/Q-731) 16.07.2022വരെ കാലാവധിയുണ്ട്.

8)രേഖകളും രജിസ്റ്ററുകളും ക്രമമായും പൂർണമായും ലഭ്യമാക്കുന്നതിൽ വിമുഖത

1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ 12-ാം ചട്ടം പ്രകാരം ഓഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന രേഖകളും രജിസ്റ്ററുകളും കണക്കുകളും സെക്രട്ടറി നൽകേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിലെത്താവുന്നതുമാണ്. കൂടാതെ, ഓഫീസ് ഉത്തരവുകളുടെയും പഞ്ചായത്ത് തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയതുമൂലമുള്ള നഷ്ടങ്ങൾക്കും പാഴ്ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനം അനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തമുണ്ടായിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടങ്ങൾ ഇപ്രകാരമായിരിക്കെ, ഓഡിറ്റിന് രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ട്.

വെറ്റിനറി സർജൻ, മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ ഭൂരിഭാഗം പ്രോജക്ടുകളുടെയും ഫയലുകൾ അപൂർണമായും ക്രമരഹിതമായുമാണ് ലഭ്യമാക്കിയത്. ആവർത്തിച്ച് ആവശ്യപ്പെട്ടതിനുശേഷവും ഓഡിറ്റ് റിക്വിസിഷൻ നല്കിയതിന് ശേഷവുമാണ് വെറ്റിനറി സർജൻ ഇപ്രകാരം ഫയലുകൾ ലഭ്യമാക്കിയത്.

ഓഡിറ്റിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ജീവനക്കാരും വീഴ്ച വരുത്തിയിട്ടുണ്ട്. സംയുക്ത പ്രോജക്ടുകളുടെയും നിക്ഷേപ പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കിയില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് 2 ലക്ഷം രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

9) ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ച

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് സ് ചട്ടങ്ങൾ ചട്ടം 5(3) (4)പ്രകാരം ക്യാഷ്ബുക്ക് ദിനംപ്രതി ക്ലോസ് ചെയ്യേണ്ടതും, ഓരോ ദിനാന്ത്യത്തിലും സെക്രട്ടറി ക്യാഷ്ബുക്കിലെ രേഖപ്പെടുത്തലുകളും നീക്കിയിരിപ്പും പരിശോധിക്കേണ്ടതും അത്തരം പരിശോധനയുടെ സൂചകമായി ക്യാഷ്ബുക്കിൽ ഒപ്പുവെയ്ക്കേണ്ടതുമാണ്. ക്യാഷറുടെ കൈവശമുള്ള ക്യാഷ് ബാലൻസും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ബാലൻസും ഓരോ ദിനാന്ത്യത്തിലും പരിശോധിച്ച് സെക്രട്ടറിയോ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാഷ്ബുക്കിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 46/22.12.202)1നൽകിയതിനെതുടർന്ന് ഓഡിറ്റ് അവസാനിക്കുന്ന ദിവസം സാക്ഷ്യപത്രം രേഖപ്പെടുത്താതെ ക്യാഷ്ബുക്ക് പ്രിന്റെടുത്ത് ലഭ്യമാക്കുകയാണ് ചെയ്തത്. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് സ് ചട്ടങ്ങൾ വീഴ്ച കൂടാതെ പാലിക്കേണ്ടതാണ്.

10) തനത് വരുമാനങ്ങൾ പൂർണമായി പിരിച്ചെടുക്കുന്നതിനും പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

11)ഹോളോബ്രിക്സ് യൂണിറ്റ്, വാഴോട്ടുകാല കുടിവെള്ള പദ്ധതി എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ആവശ്യമാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2022 | 2646107 | 2648129 | 2515088 | 133041 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34152000 | 34152000 | 34152000 | 0 |
| ആകെ | 2022 | 36798107 | 36800129 | 36667088 | 133041 |

തൊഴിലുറപ്പ് പദ്ധതി -അപാകതകൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ അയിരൂർ അംഗൻവാടി തടം കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിൽ ആകെ 346075.35/-രൂപയുടെ മെറ്റീരിയലുകൾ ശ്രീ രാജേഷ് കുമാർ എന്ന കരാറുകാരനിൽ നിന്ന് വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | അയിരൂർ അംഗൻവാടി തടം കോൺക്രീറ്റിംഗ് | 3570/2019-20 | രാജേഷ് കുമാർ | 346075.35 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 28 ന് കരാറുകാരൻ മേൽ ഇനത്തിൽ അടവാക്കാനുള്ള തുകകൾ അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ (2019-20) പ്രകാരമുള്ള എല്ലാ രേഖകളും പൂർണമായും എഴുതി ഫയലിൽ സൂക്ഷിക്കുന്നില്ല. മാസ്റ്റർ സർക്കുലർ പ്രകാരമുള്ള 21 രേഖകളും സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സൈറ്റ് ഡയറിയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

3. കയർ ഭൂവസ്ത്രം സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ കയർഭൂവസ്ത്രത്തിന്റെ സ്റ്റോക്ക്/വിതരണ രജിസ്റ്റർ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതിനാൽ എം.ബുക്ക് പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ബോധ്യപ്പെടാനായിട്ടില്ല. ഉദാഹരണമായി ആശാൻ വെട്ടിയ പാറ തോട് തടയണ നിർമ്മാണവും കയർ ഭൂവസ്ത്രം വിരിക്കലും (കയർ ഭൂവസ്ത്രം 175.392 M2), പുലിപ്പാറ മരുതമൺതോട് തടയണനിർമ്മാണവും കയർ ഭൂവസ്ത്രം വിരിക്കലും ( കയർ ഭൂവസ്ത്രം 375 M2) എന്നീ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം അത്തരത്തിലൊരു പദ്ധതിയ്ക്കായി കയർ ഭൂവസ്ത്രം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിനിയോഗത്തിന്റെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 41 ന് 2020-21മുതൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടുണ്ടെന്നും കയർഭൂവസ്ത്രം വിരിക്കുകയും എം.ബുക്കിൽ അളവു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.2021 മുതൽ 22.01.2021 വരെ | 01.09.2020 മുതൽ 31.12.2020 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.02.2013 മുതൽ 28.02.2013 വരെ | 2007-08 മുതൽ 2011-12 വരെ | 09.04.2013 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

എ)പിരിവ് തുകകൾ പൂർണമായും ഒടുക്ക് വരുത്തിയില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 7, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിനു വേണ്ടി സ്വീകരിച്ച എല്ലാ പണവും അതേ ദിവസം തന്നെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തണമെന്നും എല്ലാ പണമിടപാടുകളും യാതൊരു വീഴ്ചയും വരുത്താതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണെന്നിരിക്കെ അത്തരത്തിൽ രസീത് പ്രകാരമുള്ള വരവുതുകകൾ കൃത്യമായും പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ15/17.12.202), വ്യത്യാസം വന്ന തുക പഞ്ചായത്തിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. വിശദാംശം ചുവടെ ചേർക്കുന്നു

| രസീത് ബുക്ക്/ രസീത് നമ്പർ | പിരിവ് നടത്തിയ ഉദ്യോഗസ്ഥന്റെ പേര് | തീയതി | രസീത് ബുക്കിൽ രേഖപ്പെടുത്തിയ തുക | കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒടുക്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1860/35 | രജനി | രേഖപ്പെടുത്തിയിട്ടില്ല. | 260 | 248 | 12 |
| 1860/43 | രജനി | 17/02/2021 | 762 | 381 | 381 |
| 1878/3 | രജനി | 25/02/2021 | 771 | 711 | 60 |
| 1878/11 | രജനി | 25/02/2021 | 235 | 232 | 3 |
| 1878/36 | രജനി | 02/03/2021 | 426 | 342 | 84 |
| 2687/57 | രജനി | 15/03/2021 | 230 | 220 | 10 |
| 2687/63 | രജനി | 15/03/2021 | 255 | 225 | 30 |
| 2687/85 | രജനി | 16/03/2021 | 791 | 719 | 72 |
| 2687/86 | രജനി | 16/03/2021 | 358 | 352 | 6 |
| 2687/6 To 9 | രജനി | 09/03/2021 | 691 | 637 | 54 |
| 2703/90 | രജനി | 26/03/2021 | 297 | രേഖപ്പെടുത്തി ഒടുക്കു വരുത്തിയ രേഖയില്ല. | 297 |
| 2703/91 | രജനി | 27/03/2021 | 244 | രേഖപ്പെടുത്തി ഒടുക്കു വരുത്തിയ രേഖയില്ല. | 244 |
| 1861/2 | ദിവ്യ | 16/02/2021 | 623 | 618 | 5 |
| 1861/71 | ദിവ്യ | 18/02/2021 | 516 | 456 | 60 |
| 2686/87 | ദിവ്യ | 08/03/2021 | 308 | രേഖപ്പെടുത്തി ഒടുക്കു വരുത്തിയ രേഖയില്ല. | 308 |
| | | | | ആകെ | 1626 |

ബി) സഞ്ചയയിലെ ഡിമാന്റിനെക്കാൾ കൂടിയ തുക കളക്ഷൻ നടത്തി

| രസീത് ബുക്ക് /രസീത് നം | തീയതി | രസീത് പ്രകാരമുള്ള കളക്ഷൻ | സഞ്ചയ പ്രകാരം | | കെട്ടിട നമ്പർ |
|---|---|---|---|---|---|
| | | | കളക്ഷൻ | ഡിമാന്റ് | |
| 2685/88 | 23/03/2021 | 1146 | 1141 | 1141 | X398 |
| 1878/3 | 25/02/2021 | 771 | 706 | 706 | PP/16/265 |
| 1878/11 | 25/02/2021 | 235 | 227 | 227 | PP/16/301 |
| 1878/36 | 02/03/2021 | 426 | 337 | 337 | PP/8/219 |
| 1878/54 | 02/03/2021 | 414 | 409 | 585 | PP/16/5 |

| | | | | | |
|---|---|---|---|---|---|
| 2705/18 | 24/03/2021 | 4153 | 4148 | 4148 | X/216 |
| 2705/20 | 24/03/2021 | 222 | 217 | 217 | X28A |
| 2695/1 | 09/03/2021 | 338 | 333 | 333 | PPXVI/256 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/17.12.2021) മറുപടിയായി 5/-രൂപ നോട്ടീസ് ഫീസ് ആയതിനാൽ അത് സഞ്ചയയിൽ രേഖപ്പെടുത്തില്ലായെന്നും ബാക്കിയുള്ളവ ബാലൻസ് തുക ആടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.
തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി നിർണയം - ഫോറം 6 പരിശോധനയ്ക്ക് ലഭ്യമായില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 11 (2) പ്രകാരം കെട്ടിട ഉടമ ഫാറം 2ൽ വസ്തു നികുതി റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 12(4) പ്രകാരം കെട്ടിട ഉടമവസ്തു ഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്ത് പോയി ഫാറം-6ൽ ശേഖരിക്കേണ്ടതും അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയരജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. വസ്തു നികുതി നിർണയം സംബന്ധിച്ച് ഫയലുകൾ പരിശോധിച്ചതിൽ യാതൊന്നിലും തന്നെ ഫോറം 6 ലഭ്യമായില്ല. എൽ.എസ്.ജി.ഡി എ.ഇയുടെ സ്ഥലപരിശോധനാ റിപ്പോർട്ട് പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ വേളയിൽ ഫോറം 6ൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39 നുള്ള മറുപടിയിൽ ഡാറ്റാപ്യൂരിഫിക്കേഷൻ വേളയിൽ സഞ്ചയ വസ്തുനികുതി രജിസ്റ്ററിൽ മാത്രമേ മാറ്റങ്ങൾ വരുത്തിയിട്ടുള്ളുവെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ ഡാറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ സഞ്ചയയിൽ വസ്തു നികുതി കൃത്യമായാണോ കണക്കാക്കിയിരിക്കുന്നത് എന്നതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 പഞ്ചായത്തിൽ സേവന നികുതി ചുമത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26, 27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം 2019-20 വർഷം സേവന ഉപനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39 ന് സേവന നികുതി ഈടാക്കുന്നില്ലായെന്ന മറുപടിയാണ് ലഭിച്ചത്. വരുമാന വർദ്ധനവിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-13 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്ന് 2019-20 സാമ്പത്തിക വർഷം വരെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നതിന്റെ വിവരവും അയതിന് ഓഡിറ്റ് എൻക്വയറി നമ്പർ 39 പ്രകാരം നൽകിയ മറുപടിയും ചുവടെ ചേർക്കുന്നു.

| ടവറിന്റെ വിവരം | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഡിമാന്റ് തുക | ഒടുക്കാൻ അവശേഷിക്കുന്ന തുക | ഓഡിറ്റ് എൻക്വയറി നമ്പർ 39 നുള്ള മറുപടി |
|---|---|---|---|---|
| BSNL മൊബൈൽ സർവ്വീസ് | 1/626/A | 25270(2013-14 മുതൽ) | 25270 | നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. |
| Indus Towers | 3/974 | 26460(2013-14 മുതൽ) | 26460 | നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. |
| Aircel | 3/975 | 39690(2013-14മുതൽ | 39690 | 2016-17 വരെ നികുതി |

| | | | | |
|---|---|---|---|---|
| Dishnet | | | | ഒടുക്കിയിട്ടുണ്ട്.2017-18 മുതലുള്ള 17010/- രൂപ നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. |
| BSNL മൊബൈൽ സർവ്വീസ് | 4/537/A | 39690(2013-14മുതൽ) | 39690 | നികുതി ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. |

മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ 1, 3 വാർഡുകളിലെ Exemption Register - Exserviceman പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത ചുവടെ ചേർക്കുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | പേര് , വിലാസം |
|---|---|---|
| 1 | 3/87 | രമ, മുരളിവിലാസം, പാങ്ങോട് |
| 2 | 3/223 | ജുബൈറത്ത് ബീവി, എം.ബി ഹൗസ്, പാങ്ങോട് |
| 3 | 3/321 | രാധാകൃഷ്ണൻ നായർ & ലതികകുമാരി, അവിട്ടം, പാങ്ങോട് |
| 4 | 1/60 | മധുകുമാർ, ബിനുഭവൻ, മരുതമൺ |
| 5 | 1/104 | ചന്ദ്രശേഖരൻ നായർ, സുബീഷ് ഭവൻ, കളമാൻകുഴി |
| 6 | 1/126A | തങ്കമണിയമ്മ, പാറവിളവീട്, കളമാൻകുഴി |
| 7 | 1/384 | അബ്ദുൾ അസീസ്, അസ്സീസിയ മൻസിൻ, പുലിപ്പാറ |
| 8 | 1/569 | മുഹമ്മദ് രജി, ഷീബ മൻസിൽ, താഴെ പാങ്ങോട് |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39), മേൽ സൂചിപ്പിച്ചിട്ടുള്ളവർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 പാർപ്പിടാവശ്യത്തിനായി ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ്

സഞ്ചയ സോഫ്റ്റ് വെയറിൽ 3, 7 വാർഡുകൾ പരിശോധിച്ചതിൽ താഴെപറയുന്ന വ്യക്തികൾക്ക് പാർപ്പിടാവശ്യത്തിനായി ഒന്നിലധികം കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 3/362 | കുഞ്ഞൻ, കറുപ്പൻ വിള വീട്, പാങ്ങോട് |

| | | |
|---|---|---|
| | 3/363 | കുഞ്ഞൻ, കുറുപ്പൻ വിള വീട്, പാങ്ങോട് |
| 2 | 7/278 | അംബിക, ബ്ലോക്ക് നം.24, അംബേദ്കർ കോളനി, ഭരതന്നൂർ |
| | 7/279 | അംബിക, ബ്ലോക്ക് നം.24, അംബേദ്കർ കോളനി, ഭരതന്നൂർ |
| 3 | 7/44 | അംബിക, ബ്ലോക്ക് നം.24, അംബേദ്കർ കോളനി,ഭരതന്നൂർ |
| | 7/45 | അംബിക, ബ്ലോക്ക് നം.24, അംബേദ്കർ കോളനി, ഭരതന്നൂർ |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39 നുള്ള മറുപടിയിൽ പ്രസ്തുത വീടുകൾ കോളനികളിലെ പൂർണമായും വാസയോഗ്യമല്ലാത്ത ചെറിയ വീടുകളാണെന്നും പുതിയ വീടുകൾ വരുമ്പോൾ പഴയ വീടുകൾ ഉണ്ടെങ്കിൽ ഡിമോളിഷ്ഡ് അല്ലെങ്കിൽ നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണയം

ഗ്രാമപഞ്ചായത്തിൽ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം നടത്തിയിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 7/219 | തുളസീധരൻ, ചാരുവിളവീട്, കരിനട, ഭരതന്നൂർ | ഭരതന്നൂർ-അംബേദ്കർ കോളനി മാവുനിന്ന പച്ച റോഡ് (5മീറ്ററോ അതിൽ കൂടുതൽ) | തൃതീയം |
| 2 | 7/453 | സുധാകരൻ, രാജിഭവൻ, മാവുനിന്ന പച്ച ,ഭരതന്നൂർ | ഭരതന്നൂർ-അംബേദ്കർ കോളനി മാവുനിന്ന പച്ച റോഡ് (5മീറ്ററോ അതിൽ കൂടുതൽ) | ദ്വിതീയം |
| 3 | 3/236 | സുൽഫിക്കർ, റാഫി മൻസിൽ, പാങ്ങോട് | കല്ലറ - പാലോട് റോഡ് (5മീറ്ററോ അതിൽ കൂടുതൽ) | പ്രഥമം |
| 4 | 3/235 | സജിതാ ബീവി, മുനീർ മൻസിൽ, | കല്ലട - പാലോട് റോഡ് | ദ്വിതീയം |

| | | | | |
|---|---|---|---|---|
| | | ഉളിയൻകോട് ,പാങ്ങോട് | (5മീറ്ററോ അതിൽ കൂടുതൽ) | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 39 നുള്ള മറുപടിയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് സ്ഥല പരിശോധന നടത്തി ശരിയായ രീതിയിൽ മാറ്റങ്ങൾ വരുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, 2011 ചട്ടങ്ങൾ (ചട്ടം 7) പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി - അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 1-17-1 തൊഴിൽ നികുതി രജിസ്റ്ററുകൾ കൃത്യതയോടെ പരിപാലിക്കുന്നില്ല

നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസ്സസ് മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ ഹാജരാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. അരിയർ ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്നും വരും വർഷങ്ങളിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

ഡിമാൻഡ് രജിസ്റ്ററിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ തൊഴിൽ നികുതിയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. വരും വർഷങ്ങളിൽ ഡി.സി.ബി പത്രിക എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. തൻവർഷത്തെ ഡി.സി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 205 ഐ അനുശാസിക്കുന്നത് പ്രകാരം രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-17-2 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2019-20 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | റബർ ബോർഡ് | 1st & 2nd half |
| 2 | ക്ഷീര ലംഘം ,ഭരതന്നൂർ | 1st & 2nd Half |
| 3 | അഹില പ്ലൈവുഡ് | 1st & 2nd Half |
| 4 | ശോഭ ഫിനാൻസ് | 1st & 2nd Half |
| 5 | ശ്രീ മുരുകാ ക്ളിനിക്ക് | 2nd Half |
| 6 | ഐശ്വര്യ ഫിനാൻസ്, പാങ്ങോട് | 1st & 2nd Half |
| 7 | ശിവക്ഷേത്രം, ഭരതന്നൂർ | 1st & 2nd Half |
| 8 | പോസ്റ്റ് ഓഫീസ്, ഭരതന്നൂർ | 2nd Half |
| 9 | SCB, പാങ്ങോട് | 2nd Half |
| 10 | വി.ഇ.ഒ ഓഫീസ് | 2nd Half |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുക അടവാക്കിയിട്ടില്ലെങ്കിൽ ആയത് അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-3 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവ്വ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വികസന രേഖ പ്രകാരം പഞ്ചായത്തിൽ 18 പൊതു വിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ തൊഴിൽ നികുതി അടവാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിരിക്കുന്നു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-4 ബാങ്കുകളിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

സഞ്ചയ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങൾ ബാങ്കുകളായി പ്രവർത്തിക്കുന്നു. ആയവയിൽ നിന്ന തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ/ വിലാസം |
|---|---|---|
| 1 | 10/22 | അജീഷ് കുമാർ, വൃന്ദാവനം, ജവഹർ കോളനി, എക്സ് സർവ്വീസ് മെൻ കോളനി |
| 2 | 10/31, 10/34, 10/35 | അജിത വി.എസ്, വൃന്ദാവനം, ജവഹർ കോളനി, എക്സ് സർവ്വീസ് മെൻ കോളനി |
| 3 | 10/73 | സൂസി ഗോമസ്, ജോസ് ഡേൽ, ബ്ളോക്ക് നം.33, എക്സ് സർവ്വീസ് മെൻ കോളനി |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വിവരം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-5 പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലോഡ്ജിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല

സഞ്ചയ പ്രകാരം 10/37 മുതൽ 10/47 വരെയുള്ള കെട്ടിടങ്ങൾ അജിത വി.എസ്, വൃന്ദാവനം, ജവഹർ കോളനി, എക്സ് സർവ്വീസ് മെൻ കോളനി എന്ന വ്യക്തിയുടേതാണ്. പ്രസ്തുത കെട്ടിടങ്ങൾ ലോഡ്ജായിട്ടാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ നേരിട്ട് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-6 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് പ്രവ്യത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 60 ദിവസത്തിൽ കുറയാതെ പ്രവ്യത്തി ചെയ്യുന്നുവെന്ന് ഉറപ്പാക്കി, പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-7 വികസനരേഖ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

വികസനരേഖ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ICDS ഓഫീസ്

2.ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ ഓഫീസ്

3.കെ.എസ്.ഇ.ബി, ഓവർസിയർ ഓഫീസ്

4.SC പ്രൊമോട്ടർ ഓഫീസ്

5.ST പ്രൊമോട്ടർ ഓഫീസ്

6. MEMPS ഇംഗ്ളീഷ് മീഡിയം സ്കൂൾ, വഞ്ചികിടക്കം പൊയ്ക

7.KMIC ഇംഗ്ളീഷ് മീഡിയം സ്കൂൾ, കൊച്ചാലുംമൂട്

8.മോഡൽ ഇംഗ്ളീഷ് മീഡിയം സ്കൂൾ, പഴവിള

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17-8 വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ മേധാവികൾ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഇല്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | പേര് / മേൽവിലാസം | സ്ഥാപനം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|
| 1 | 2/561 | അബ്ബാസ് , അൻവർ മൻസിൽ,പാങ്ങോട് | പെട്രോൾ പമ്പ് | 4 |
| 2 | 3/871,872 | സി.ശശിധരൻ പിള്ള, തിരുവോണം, കൊടമൺ | ഹോളോ ബ്രിക്സ് | 2 |
| 3 | 1/349 | നജീമുദ്ദീൻ,നഹന്ദ ഹൗസ്, പുലിപ്പാറ | ഹോളോ ബ്രിക്സ് | 3 |
| 4 | 3/837, 3/839 | വി.ചന്ദ്രൻ, ശ്രീചിത്ര, പാങ്ങോട് | ടിംബേഴ്സ് &ഫർണിച്ചർ | 6 |
| 5 | 8/416-A | ഷഫരുന്നിസ,റാസി മൽസിൽ,നെല്ലിക്കുന്ന് | ഭാരത് ഗ്യാസ് ഗോഡൗൺ | 2 |
| 6 | 12/42 | ഷീജാകുമാരി.റ്റി.എസ്,ശ്രീനന്ദനം,മൈലമൂട് | ഹോളോ ബ്രിക്സ് | 3 |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 33 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വാടക കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം

2019-20 സാമ്പത്തിക വർഷം ഷോപ്പിംഗ് കോംപ്ലക്സ് വാടകയിനത്തിലെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ)പാങ്ങോട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | പേര് | കടമുറികൾ | വാടക | കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | ഷിജിമോൾ | കടമുറി 2 | 6063 | 12 മാസം ( 18-19 12 മാസം കുടിശ്ശിക ഉണ്ട് ) | 72756 |
| 2 | ഷിജിമോൾ | കടമുറി 3 | 7276 | 12മാസം | 87312 |
| 3 | നജ്മുദ്ദീൻ | കടമുറി 4 | 3525 | ആഗസ്റ്റ് മുതൽ മാർച്ച് വരെ 8 മാസം | 28200 |

| | | | | | |
|---|---|---|---|---|---|
| 4 | തക്ക് യുദ്ദീൻ | കടമുറി 5 | 2756 | 12മാസം | 33072 |
| 5 | അബ്ബാസ് | കടമുറി 6 | 6064 | ജനവരി മുതൽ മാർച്ച് വരെ 3 മാസം | 18192 |
| 6 | സിനോജ് | കടമുറി 7 | 4410 | 12മാസം | 52920 |
| 7 | സജിത | കടമുറി 8 | 7056 | 12മാസം ( 18-19 ഒക്ടോബർ മുതൽ മാർച്ച് വരെ കടിശ്ശിക) | 84672 |
| 8 | വിജയകുമാർ | കടമുറി 9 | 7166 | 12മാസം | 85992 |
| 9 | വിജയകുമാർ | കടമുറി 10 | 6725 | 12മാസം (18-19 വാടക അടച്ചിട്ടില്ല | 80700 |
| 10 | | കടമുറി 16 | | ഒഴിഞ്ഞുകിടക്കുന്ന | |
| | | | | ആകെ | 543816 |

ബി)ഭരതന്നൂർ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നമ്പർ | പേര് | കടമുറികൾ | വാടക | കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1 | രമാദേവി | കടമുറി 1 | 2392 | 12 മാസം | 28704 |
| 2 | സുനിൽകുമാർ | കടമുറി 3 | 1971 | 12മാസം | 23652 |
| 3 | കൃഷ്ണൻകുട്ടി | കടമുറി 4 | 2392 | 12മാസം(18-19 ഒക്ടോബർ മുതൽ മാർച്ച് വരെ കുടിശ്ശിക) | 28704 |
| 5 | വിഘ്നേശ്വരൻ നായർ | കടമുറി 6 | 3518 | ഫെബ്രുവരി മുതൽ മാർച്ച് വരെ 2 മാസം | 7036 |
| 6 | സഫറുദ്ദീൻ | കടമുറി 7 | 3870 | ഒക്ടോബർ മുതൽ മാർച്ച് വരെ (6 മാസം) | 23220 |
| 7 | സഫറുദ്ദീൻ | കടമുറി 8 | 2145 | 12മാസം | 25740 |
| | | | | ആകെ | 137056 |

വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ്എൻക്വയറി നമ്പർ 44/21.12.2021)കുടിശ്ശിക അടച്ചുതീർക്കുന്നതിനായി നോട്ടീസ് അയച്ച സമയത്താണ് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതെന്നും അതിനുശേഷം സാമ്പത്തിക ബുദ്ധിമുട്ട് കാരണം കുടിശ്ശിക തീർക്കാൻ ഷോപ്പുടമകൾക്ക് കഴിഞ്ഞില്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വാടക കുടിശ്ശിക തവണകളായി സാമ്പത്തിക ബാധ്യത കുറച്ച് വരുമാനനഷ്ടം അടയ്ക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വരവിനങ്ങളുടെ ഫയലുകളും രജിസ്റ്ററും ലഭ്യമാക്കിയില്ല

AFS പ്രകാരമുള്ള, ചുവടെ ചേർക്കുന്ന വരവിനങ്ങളുടെ ഫയലുകളും രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (49/22.12.2021) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വരവിനങ്ങൾ | AFS പ്രകാരമുള്ള വരവ് |
|---|---|---|
| 1 | റോഡ് കട്ടിംഗ് ചാർജ്ജ് | 113419 |
| 2 | ഓഡിറ്റോറിയങ്ങളിൽ നിന്നും ഹാളുകളിൽ നിന്നുമുള്ള വാടക | 3750 |

എല്ലാ വരവിനങ്ങളുടെയും കണക്കുകൾ പരിശോധന വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-20 ലൈസൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

31/10/2017 -ലെ ഭേദഗതി ചട്ടങ്ങൾക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കിയിരുന്നത്. എന്നാൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്റർപ്രൈസസുകളായി സ്ഥാപനങ്ങളെ തരം തിരിച്ച് ഓരോന്നിനും ബാധകമായ ലൈസൻസ് ഫീസ് പുതുക്കിയ പട്ടിക II-ൽ ഉൾപ്പെടുത്തിയിട്ട്. അതിനനുസരിച്ച് അപേക്ഷാഫോറം പരിഷ്കരിക്കേണ്ടതാണ്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനയുടമയുടെ പേര് | വാർഡ് /കെട്ടിട നമ്പർ | വ്യാപാരം |
|---|---|---|---|
| 1 | രാമചന്ദ്രൻനായർ | IV/309 | രശ്മി റൈസ് ഫ്ളവർ |
| 2 | ഷഫറുന്നീസ ബദറുദ്ദീൻ | PP8/416A | ഗോഡൗൺ ഭാരത് ഗ്യാസ് |
| 3 | അബ്ദുൾ സത്താർ | PP2/194 | തടിമിൽ |
| 4 | എസ് ഗോവിന്ദൻ | III/65 | വളം വിൽപ്പന |
| 5 | ബാബുരാജൻ പിള്ള | 12/275 | പലചരക്ക് വ്യാപാരം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 48/22.12.2021), നിലവിൽ പുതിയ ഭേദഗതി ചട്ടങ്ങൾ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ടെണ്ടർഫോറ വില ഈടാക്കിയില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ടെണ്ടർഫീ തുകയായ 125672/- രൂപ ലഭ്യമാക്കുന്നതിന് 21.8.2020ൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ മുഖാന്തിരം അപേക്ഷ നൽകിയിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 7 ന്റെ മറുപടി). നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറണ്ട് അക്കൌണ്ട് ആരംഭിച്ചിട്ടുണ്ടെന്നും മേൽ അക്കൌണ്ട് ഇ-ടെണ്ടർ സൈറ്റുമായി മാപ്പ് ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടെണ്ടർഫോറവില ഇനത്തിൽ ലഭിക്കാനുള്ള തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 പരിസ്ഥിതി സംരക്ഷണത്തിന് നടപടികളില്ല

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നമ്പർ 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.7.3 പ്രകാരം കാവുകളുടെയും കണ്ടൽ കാടുകളുടെയും സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

1) ഓരോ തദ്ദേശസ്ഥാപന പ്രദേശത്തും സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽ കാടുകളുടെയും പട്ടിക തദ്ദേശഭരണ

സ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.

2) ഓരോ കാവിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശ കണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.

3) ചെലവ് കുറഞ്ഞ രീതിയിൽ മുള്ള് വേലി കെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ചെയ്യേണ്ട പ്രവൃത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.

4) LSGDഎഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവൃത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വാകാര്യ കാവുകളുടെ കാര്യത്തിൽ ഉടമസ്ഥരെയും ബന്ധപ്പെട്ട സ്ഥാപനങ്ങളെയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപ്പാക്കണം.

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കാവുകളെല്ലാംതന്നെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് സ്ഥിതി ചെയ്യുന്നതാണെന്നും കണ്ടൽക്കാടുകൾ നിലവിലില്ലെന്നും പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്ന അവസരത്തിൽ നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയുടെ (നമ്പർ 04/15.12.2021) മറുപടിയായി അറിയിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഗ്രാമസഭ സംഘാടനത്തിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്നും അങ്ങനെയുള്ള യോഗങ്ങളിൽ ഗ്രാമസഭ ഉൾക്കൊള്ളുന്ന പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗത്തെയും ജില്ല പഞ്ചായത്ത് അംഗത്തെയും നിയമസഭ അംഗത്തെയും നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ഗ്രാമസഭയുടെ അധികാരങ്ങളും ചുമതലകളും അവകാശങ്ങളും പരാമർശിച്ചിട്ടുള്ള സെക്ഷൻ 3എയിലെ ഉപവകുപ്പ് 3 പ്രകാരം ഗ്രാമസഭയുടെ പരിഗണനക്ക് വരുന്ന ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ പെർഫൊമൻസ് ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചോ യോഗത്തിൽ ചർച്ച ചെയ്യേണ്ടതും അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

1) മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | പേര് | യോഗങ്ങൾ ചേർന്ന തീയതികൾ | | |
|---|---|---|---|---|
| 1 | പുലിപ്പാറ | 06.02.2019 | 05.11.2019 | 11.02.2019 |
| 2 | മണക്കോട് | 07.02.2019 | 02.11.2019 | 07.02.2019 |
| 3 | പാങ്ങോട് | 05.02.2019 | 01.11.2019 | 22.02.2020 * |
| 4 | മാറനാട് | 08.02.2019 | 06.11.2019 | 10.02.2020 |
| 5 | തൃക്കോവിൽവട്ടം | 14.02.2019 | 02.11.2019 | 08.02.2020 |
| 10 | എക്സ്. കോളനി | 05.02.2019 | 06.11.2019 | 14.02.2020 |
| 11 | കാക്കാണിക്കര | 12.02.2019 | 06.11.2019 | 15.02.2019 ** |
| 12 | മൈലമൂട് | 02.02.2019 | 02.11.2019 | 13.02.2020 |
| 13 | അടപ്പുപാറ | 06.02.2019 | 04.11.2019 | 07.02.2020 |
| 18 | ഉളിയൻകോട് | 01.02.2019 | 07.11.2019 | 14.02.2020 |
| 19 | പഴവിള | 14.02.2019 | 07.11.2019 | 14.02.2020 |

2/2019ൽ നടന്ന ഗ്രാമസഭകൾ 2019-20 വർഷത്തെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിനുവേണ്ടിയാണ് യോഗം ചേർന്നിട്ടുള്ളത്.

* 15.02.2020ലെ യോഗം ക്വാറം തികയാതെ മാറ്റിവച്ചു.

** 11-ാം വാർഡിലെ ക്വാറം 122 ആണ്. 15.02.2020ലെ യോഗത്തിൽ 109 പേർ മാത്രമാണ് പങ്കെടുത്തതെങ്കിലും യോഗം മാറ്റിവച്ചില്ല.

2)ഗ്രാമസഭ യോഗങ്ങളിൽ ബ്ലോക്ക്, ജില്ല, നിയമസഭ അംഗങ്ങൾ പങ്കെടുത്തതായി കാണുന്നില്ല. അംഗങ്ങളെ ക്ഷണിച്ചിട്ടുണ്ടെയന്നും വ്യക്തമല്ല.

3) ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ടുകൾ ചർച്ച ചെയ്ത് അതിന്റെ അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 21/20.12.2021) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമ സഭകൾ സംഘടിപ്പിക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമം പാലിക്കുന്നവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-24 ഓഡിറ്റ് - തുടർ നടപടികൾ ഊർജ്ജിതമാക്കണം

2000-01 മുതൽ 2017-18 വരെയുള്ള 17 ഓഡിറ്റ് റിപ്പോർട്ടുകളിലായി 141 ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നു. പ്രസ്തുത ഖണ്ഡികകളിലെ പരാമർശിത കക്ഷികളായ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പരാമർശം തീർപ്പാക്കുന്നതിന് അറിയിപ്പ് നല്കിയിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 09/ 15.12.2021ന്റെ മറുപടി).

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020 തീയതി 06.10.2020പ്രകാരം പുറപ്പെടുവിച്ചിരുന്നു. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 15(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ 23(1)-ാം ചട്ടം എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ന്യൂനതകൾ പരിഹരിച്ച് 2 മാസത്തിനുള്ളിൽ ആദ്യ മറുപടി സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ, പ്രസ്തുത റിപ്പോർട്ടിന് ആദ്യ മറുപടി നല്കിയത് 24.06.2021ലാണ് (നമ്പർ ബി1/7510/2020)

ലഭ്യമാക്കിയ ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ മിക്ക വർഷങ്ങളിലും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണം - 2012-13, 2013-14, 2015-16, 2016-17, 2017-18

ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 കാർഷിക മേഖലയിലെ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ സജീവ ഇടപെടൽ ഇല്ല

1) സ്റ്റാറ്റസ് റിപ്പോർട്ടിലെ അവസ്ഥാ വിശകലനത്തിൽ 40 ഹെക്ടർ നെൽവയലുണ്ടെന്നും അതിൽ ഒരു ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ടെന്നും പരാമർശിച്ചിട്ടുണ്ട്. ഡാറ്റാബാങ്ക് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള നെൽപ്പാടത്തിന്റെ വിസ്തൃതി 138.2 ഹെക്ടറാണ്.

കൃഷിയോഗ്യമായ നെൽപ്പാടങ്ങളിൽ നെൽകൃഷി ചെയ്യാൻ വേണ്ടത്ര മുൻഗണന നല്കുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ കർഷകർക്ക് നിലം ഒരുക്കിക്കൊടുക്കുകയും ജനകീയാസൂത്രണ പദ്ധതിയിൽ നെൽകർഷകർക്കായി വിത്തും കൂലിച്ചെലവ് സബ്സിഡിയും നല്കുകയും ചെയ്യുന്നതായി വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 38/21.12.2021ന്റെ മറുപടി). എന്നാൽ 2019-20 വർഷം നെൽകൃഷി വികസന പദ്ധതി, ജൈവ സമൃദ്ധി തരിശുഭൂമി കൃഷി എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി 60,000/- രൂപ മാത്രമാണ് ചെലവഴിച്ചത്.

കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ളതും ഡാറ്റാ ബാങ്ക് പ്രകാരം 138.2 ഹെക്ടർ നെൽപ്പാടമുള്ളതുമായ ഗ്രാമ പഞ്ചായത്തിൽ പാടശേഖര സമിതികൾ നിലവിലില്ല.

2) ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള യന്ത്രോപകരണങ്ങളുടെ വിശദാംശം, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം നെൽകൃഷി വികസന പദ്ധതി, വാഴ കൃഷി വികസന പദ്ധതി, കുരുമുളക് വികസന പദ്ധതി, ജൈവ സമൃദ്ധി തരിശുഭൂമി കൃഷി, ഇഞ്ചി കൃഷി വികസന പദ്ധതി, ഹരിത ഭവനം എന്നീ പ്രോജക്ടുകൾക്കായി 5,94,900/-രൂപ വികസന ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകൾ മുഖേനയുണ്ടായ ഉല്പാദന വർദ്ധനവ് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല. പ്രസ്തുത പ്രോജക്ടുകളിലൊന്നിലും മോണിറ്ററിംഗ് നടന്നതായി രേഖകളില്ല.

4)കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുണ്ടാകേണ്ട ഇക്കോ ഷോപ്പ് നിലവിലില്ല.

കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-26 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല - 82906/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് |
| പ്രോജക്ട് നമ്പർ | 172/20 |
| അടങ്കൽ | 200000/-(തനത് ഫണ്ട്) |
| ചെലവ് | 82900/-(തനത് ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |

2019-20 വർഷത്തിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഗതാഗതത്തിനും വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനും തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 82900/-രൂപ തനത് ഫണ്ടിൽ നിന്ന് കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി (ACR പ്രകാരം) | തുക |
|---|---|---|

| | | |
|---|---|---|
| 1 | 36/19.07.19 | 18688 |
| 2 | 37/23.07.19 | 4225 |
| 3 | 109/28.10.19 | 6883 |
| 4 | 179/19.12.19 | 35976 |
| 5 | 221/23.01.20 | 13234 |
| 6 | 245/17.02.20 | 3900 |
| | ആകെ | 82906 |

ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബിയ്ക്ക് പ്രസ്തുത ബില്ലുകൾ പ്രകാരം തുക നൽകിയെങ്കിലും ക്രമ നമ്പർ1, 2 പ്രകാരം നൽകിയ തുകയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് മാത്രമേ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുള്ളൂ. കൂടാതെ പ്രസ്തുത പ്രവൃത്തി ഉൾപ്പെടെ 6പ്രവൃത്തികളും പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 34 നുള്ള മറുപടിയിൽ ക്രമ നമ്പർ 1, 2 ഒഴികെയുള്ളവയ്ക്ക് ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ലെന്നും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

20.01.2018-ലെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 82906/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. മാത്രമല്ല ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി നൽകുന്ന തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് തുകയുടെ വിനിയോഗം നിരന്തരമായി നിരീക്ഷിക്കുന്നതിന് അഭികാമ്യമാണ്. പ്രസ്തുത വിഷയത്തിൽ സെക്രട്ടറി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-27 പൈപ്പ് ലൈൻ സ്ഥാപിക്കൽ - വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല - 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കാഞ്ചിനട എൽ. പി.എസ്, വലിയവയൽ അംഗൻവാടി, ഭരതന്നൂർ സ്റ്റേഡിയം - പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| പ്രോജക്ടിന്റെ നം | 212/2020 |
| അടങ്കൽ | 1,00,000/- രൂപ(വി.ഫ.ജനറൽ) |
| ചെലവ് | 1,00,000/- രൂപ(വി.ഫ.ജനറൽ) |
| ബിൽ റഫറൻസ് നമ്പർ /തീയതി | 19020352018400970522 തീ. 19.12.2019 |
| നിർവ്വഹണം | സെക്രട്ടറി |

2019-20 വർഷത്തിൽ പഞ്ചായത്തിലെ കാഞ്ചിനട എൽ. പി.എസ്, വലിയവയൽ അംഗൻവാടി, ഭരതന്നൂർ സ്റ്റേഡിയം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൽ 100000/-രൂപ വികസന ഫണ്ടിൽ നിന്ന് എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, ഹെഡ് വർക്ക് ഡിവിഷൻ, അരുവിക്കരയ്ക്ക് (A/c No.57047027629 എസ്.ബി.ഐ) നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡീറ്റേൽഡ് എസ്റ്റിമേറ്റ് , പ്രവൃത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 19 നുള്ള മറുപടിയിൽ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാണെന്നും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 100000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. മാത്രമല്ല ഡെപ്പോസിറ്റ് വർക്കുകൾക്ക് മുൻകൂറായി നൽകുന്ന തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് തുകയുടെ വിനിയോഗം നിരന്തരമായി നിരീക്ഷിക്കുന്നതിന് അഭികാമ്യമാണ്. പ്രസ്തുത വിഷയത്തിൽ സെക്രട്ടറി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-28 സെക്രട്ടറി - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2019-20 വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 19, 34) ലഭ്യമാക്കിയ മറുപടിയിൽ ആയത് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ & പേര് | ബിൽ റഫറൻസ് നമ്പർ & തുക /ചെക്ക് നമ്പർ/തീയതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 216/20 -സ്റ്റുഡൻസ് പോലീസിന് ധനസഹായം | 489685 തീ.13.01.20<br>50000/-(തനത് ഫണ്ട്) | HM, GVHS ഭരതന്നൂർ | സ്റ്റുഡൻസ് പോലീസിന്റെ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ, കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് |
| 2 | 214/20 -കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗ് ധനസഹായം | 489733 തീ.04.03.20<br>50000/-(തനത് ഫണ്ട്) | സോഷ്യൽ സെക്യൂരിറ്റി മിഷൻ | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 3 | സാമൂഹ്യ സുരക്ഷാ മിഷന് സംഭാവന | 19020352018400461399 തീ. 17.08.2019 -100000/- രൂപ (വി.ഫ.ജനറൽ) | സാമൂഹ്യ സുരക്ഷാ മിഷൻ (ട്രഷറിA/c No.701011400000134) | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം |

മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 2,00,000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 വെറ്റിനറി സർജൻ - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല – 15,79,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വെറ്റിനറി സർജൻ 2019-20 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു (അവലംബം - സുലേഖ ചെലവ് പത്രിക).

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പേര് | ചെലവ് തുക | ഫണ്ട് |
|---|---|---|---|---|
| 1 | S0136/20 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 500000 | മെയിന്റനൻസ് ഫണ്ട് |
| 2 | S0137/20 | ആട് വളർത്തൽ (വനിത-ജനറൽ) | 488000 | വികസന ഫണ്ട് |
| 3 | S0139/20 | മുട്ടക്കോഴി വിതരണം | 441000 | വികസന ഫണ്ട് |
| 4 | S0143/20 | പരമ്പരാഗത ക്ഷീര കർഷകർക്ക് കാലിത്തൊഴുത്ത് നവീകരണം / ചാണകക്കുഴി/ മൂത്രത്തൊട്ടി നിർമ്മാണം | 150000 | വികസന ഫണ്ട് |
| | | ആകെ ചെലവ് | 1579000 | |

ട്രഷറി ബിൽബുക്ക് പ്രകാരമുള്ള തൻവർഷ ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 01/29.08.2019 | 216000 |
| 2 | 02/29.08.2019 | 500000 |
| 3 | 03/29.08.2019 | 187000 |
| 4 | 04/21.10.2019 | 488000 |
| 5 | 05/21.10.2019 | 150000 |
| 6 | 10/25.02.2020 | 38000 |
| | ആകെ | 1579000 |

ഓഡിറ്റ് 15.12.2021 ന് ആരംഭിച്ച് മൂന്ന് ദിവസങ്ങൾ കഴിഞ്ഞതിനുശേഷവും വെറ്റിനറി സർജൻ പ്രോജക്ട് ഫയലുകൾ ലഭ്യമാക്കാത്തതിനെതുടർന്ന് ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 02/18.12.2021) നല്കുകയുണ്ടായി. എന്നാൽ അതിനുശേഷവും ഓഡിറ്റിന് സാദ്ധ്യമാകുന്ന രീതിയിൽ ഫയലുകൾ ക്രമപ്പെടുത്തി ലഭ്യമാക്കുന്നതിന് വെറ്റിനറി സർജന് സാധിച്ചിട്ടില്ല.

ലഭ്യമാക്കിയ ഫയലുകൾ ക്രമരഹിതമായും അപൂർണമായുമുള്ളതാണ്. ഉദാഹരണമായി മരുന്ന് വാങ്ങൽ പ്രോജക്ടിനായി 5,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയത് 3,37,500/- രൂപയുടെ ട്രഷറി ബിൽ (തൻവർഷം മാറിയ ബില്ലുകളിൽ ഉൾപ്പെടാത്തത്), നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ മാത്രമാണ്. സ്റ്റോക്ക് രജിസ്റ്റർ, 5ലക്ഷം രൂപയുടെ ചെലവ് രേഖകൾ മുതലായവ ലഭ്യമാക്കിയില്ല.

1,50,000/- രൂപ ചെലവുള്ള കാലിത്തൊഴുത്ത് പ്രോജക്ടിന്റെ രേഖകളായി ലഭ്യമാക്കിയത് 2 ലക്ഷം രൂപയുടെ ട്രഷറി ബില്ലും ഏതാനും അപേക്ഷകളും മാത്രമാണ്. മറ്റുള്ള പ്രോജക്ടുകളിലും ഇപ്രകാരം തന്നെയാണ് രേഖകൾ ലഭ്യമാക്കിയിട്ടുള്ളത്.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-28 പ്രകാരം വെറ്റിനറി സർജൻ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 2,59,050/- രൂപ തടസ്സപ്പെടുത്തിയിരുന്നു.

അപൂർണമായും ക്രമരഹിതമായും ഫയലുകൾ ലഭ്യമാക്കിയതിനാൽ പരിശോധന വിധേയമാക്കാൻ സാധിച്ചിട്ടില്ല. വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/21.12.2021) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 15,79,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ്-അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റിന് ഷെഡ് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 203 |
| അടങ്കൽ | തനത് ഫണ്ട് 500000 |
| ചെലവ് തുക | 458834 |
| ചെക്ക് നമ്പർ | 1788937/20.1.2020 തുക 458834/- |
| കരാറുകാരൻ | സജിം.എ |
| എം.ബുക്ക് നമ്പർ | 186/19-20 |

ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റിന് ഷെഡ്ഡ് നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 22.12.2021ൽ സ്ഥലപരിശോധന നടത്തിയതിൽ ഷെഡ് നിർമ്മിച്ചിട്ടുള്ള ഭാഗം കാട്ടുമൂടിയനിലയിലും ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് തുരുമ്പെടുത്ത നിലയിലും കാണപ്പെട്ടു. നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ, ജലലഭ്യത എന്നിവ ഉറപ്പുവരുത്തുന്നതിന് യാതൊരു സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടില്ല. ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റിലേക്ക് സുഗമമായ ഗതാഗതസൌകര്യം ലഭ്യമല്ലാത്തതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് വാങ്ങിയ/ലഭ്യമായ വർഷം, ഫണ്ടിനം, പ്രോജക്ട് നമ്പർ, ചെലവ് തുക എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29) മറുപടി ലഭ്യമാക്കിയില്ല. ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തുടർനടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതും ആയത് നിഷ്ക്രിയ ആസ്തി ആയി മാറാതിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ് പ്രവർത്തനക്ഷമമാക്കി തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-31 സ്പിൽ ഓവർ പ്രവൃത്തികൾ- തൻവർഷവും പൂർത്തീകരിച്ചിട്ടില്ല

ജി.ഓ.(എം.എസ്) നം72/2017ത.സ്വ.ഭ.വ.തിരുവനന്തപുരം 29/03/2017 പ്രകാരം സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. ചെലവ് പത്രിക പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത് അസി.എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായി ഏറ്റെടുത്ത 40 സ്പിൽ ഓവർ പദ്ധതികളിൽ 14 എണ്ണം നടപ്പിലാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8) നാല് പദ്ധതികളിൽ കരാറുകാർ ബിൽ ഡിസ്കൌണ്ടിംഗ് സിസ്റ്റം ആയി തെരഞ്ഞെടുത്തത് കൊണ്ടാണ് ചെലവ് കാണിക്കാത്തതെന്നും അതിൽ ഒരു പ്രവൃത്തി ചെലവായതാണെങ്കിലും സുലേഖയിൽ അപ്ഡേറ്റ് ആയിട്ടില്ലായെന്നും അഞ്ച് പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ തടസ്സപ്പെട്ടതായും 3 പ്രവൃത്തികൾ നിർവ്വഹണം നടത്താൻ പറ്റാത്തതും ഒരു പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതാണെന്നും മറുപടി ലഭ്യമാക്കി. മുൻകൂട്ടി കാണാൻ കഴിയാത്ത തടസ്സങ്ങൾ മാത്രമേ നിലവിൽ ഉണ്ടായിട്ടുള്ളുവെന്നും മേൽ വിവരങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരാൻ ശ്രമിച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആകുന്ന വർഷം തന്നെ പൂർത്തിയാക്കാൻ ശ്രമിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 1-32 ഊറാംകുഴി കോളനി നടപ്പാത - കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 204 |
| പേര് | ഊറാംകുഴി കോളനി നടപ്പാത |
| അടങ്കൽ | വികസനഫണ്ട്(എസ്.സി.പി) 312364 |
| ചെലവ് | 259107 |
| ബിൽ നമ്പർ | 11/23.7.2019 |
| എം.ബുക്ക് നമ്പർ | 584/18-19 |
| കരാർ നമ്പർ | 51/AE/LSGD/PGD/18-19/6.3.2019 |
| കരാറുകാരൻ | സന്തോഷ് കുമാർ.എസ് |
| സാങ്കേതികാനുമതി നമ്പർ | 107514/18-11 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയിൽ കരാറുകാരന് അംഗീകരിച്ച കരാർ നിരക്കിനേക്കാൾ കൂടുതൽ തുക നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം നം | ഇനം | എം. ബുക്ക് പ്രകാരം ഉള്ള അളവ് | കരാർ പ്രകാരം നൽകേണ്ട തുക | നല്കിയ തുക | വ്യത്യാസം |
|---|---|---|---|---|---|
| 1.1 | 3.5.1 Excavation I N Cutting In Soil By Manual Meanswith Lead Upto 50cm, Excavation For Road Way In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift U[to 1.5m And Lead Upto 50m As Per Technical Specificatio S Clause 302.3 | 15.960m3 | 120.00/m3X15.960= 1915.2 | 208.33/m3X15.960M3=3324.95 | |
| 1.2 | Od 305131/2018-19 Filling Up Low Lying Areas And Water Logger Areas With Local Material , Quarry Waste Spreading In Layers Levelling The Top At Site And Consolidateion By Ramming Etc Complete | 3.378m3 | 4400/M3X3.378=14863.2 | 1364.52/m3x3.378=4609.35 | |
| 1.003 | 11.4.3.1 Providing Concrete In Open Foundation S Comlete As Per Drawings And Technical Specifcations Clause 802, 803, 1202&1203 III P.C.C Grade M20 | 27.721M3 | 6800/m3X27.72=188496 | 6890.66/m3x27.72= 191015.99 | |
| 2.1 | 2.8.1 Earthwork In Excavation By Mechanical Means/manual Means In Foundatio Trenches Or Drains Including Dressing Of Sides And Ramming Of Bottoms Lift Upto1.5m Including Getting Out The | 5.40m3 | 200/m3X5.40=1080 | 199.20/m3x5.40=1075.68 | |

| | | | | | |
|---|---|---|---|---|---|
| | Excavated Soil And Disposal Of Surplus Excavated Soil As Directed Within A Lead Of 50m . All Kinds Of Soil | | | | |
| 2.002 | 7.1.1 Random Rubble Masonry With Hard Stone In Foundation And Plinth Including Levelling Up With Cement Concrete 1:6:12 Up To Plinth Level With Cement Mortar | 11.926 | 4000/m3X11.926=47704 | 4743.45/m3X11.926=56570.38 | |
| 3.001 | Od 308034/2018-19 Supplying And Fixing Informatio Board Of Size 75X60cm Size Using G.I Pipes As Post And 1mm Ms Sheet Surrounded By Ms Angles Including Painting Letring And Fixing In Concrete Etx Complete | 1 | 2500X1=2500 | 2510.75X1=2510.75 | |
| | Total | | 256558 | 259107 | 2549 |

കരാറുകാരനിൽ നിന്നും ഇൻകംടാക്സ്, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി എന്നിവയിൽ നിന്നും നിയമാനുസൃതം വരുത്തേണ്ട നികുതികൾ ഈടാക്കി 2,48,743/- രൂപ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരനിൽ തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-33 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.8.2018ലെ എ.സി.2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും രണ്ട് ശതമാനം നിരക്കിലും ഈടാക്കേണ്ടതാണ്. പ്രോജക്ട് നമ്പർ 207, പ്രോജക്ട് നമ്പർ 194 എന്നീ പ്രോജക്ടുകൾ പരിശോധിച്ചതിൽ കരാർകാലാവധി നീട്ടിക്കിട്ടാൻ കരാറുകാരൻ അപേക്ഷ നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടില്ല. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | ഈടാക്കേണ്ട തുക |
|---|---|---|

| | | |
|---|---|---|
| 1 | പ്രോജക്ട് നം.207<br>പേര്- പാങ്ങോട് കെ.വി.യു.പി.എസിന് ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ്<br>അടങ്കൽ- കേന്ദ്രാവിഷ്കൃതഫണ്ട് 250000<br>കരാറുകാരൻ-സജിം.എ<br>എം.ബുക്ക് നം.- 179/7.9.2019<br>ചെക്ക് നം.- 489710/6.2.2020<br>കരാർ തുക- 249750/-<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 2 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-11.7.2019<br>പ്രവൃത്തി പൂർത്തീകരിച്ചത്- 4.11.19 | കാലതാമസം- 55 ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം (എഗ്രിമെന്റ് പ്രകാരം) 20%=60X20%=12<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ് 43 ദിവസം<br>ആദ്യത്തെ 43 ദിവസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=249750X1%X43/90=1193/- |
| 2 | പ്രോജക്ട് നം.194<br>പേര്- തണ്ണിയം ക്ഷേത്രം ജംഗ്ഷനിൽ ടി.വി കിയോസ്ക്ക്<br>അടങ്കൽ-തനത് ഫണ്ട് (റോഡ്) 50000<br>കരാറുകാരൻ-ജയകുമാർ.എസ്<br>എം.ബുക്ക് നം.-322/2019-20/7.9.2019<br>ചെക്ക് നം. 1788939/23.1.2020-7902<br>കരാർ തുക- 49958<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലയളവ്- 3 മാസം<br>എഗ്രിമെന്റ് വച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തത്-24.9.2018<br>പ്രവൃത്തി പൂർത്തീകരിച്ച തീയതി- 25.10.2019 | കാലതാമസം- 303ദിവസം<br>അനുവദനീയമായ ഗ്രേസ് ടൈം(എഗ്രിമെന്റ് പ്രകാരം)20%=90X20%=18<br>ഗ്രേസ് പീരിയഡ് കഴിഞ്ഞശേഷമുള്ള കാലയളവ്-285 ദിവസം<br>ആദ്യത്തെ 3 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ=50000X1%=500/-<br>അടുത്ത മൂന്നുമാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ-50000X2%=1000<br>അടുത്ത 3 മാസത്തേയ്ക്ക് ഈടാക്കേണ്ട പിഴ= 50000X2%X1000<br>ആകെ തുക 2500/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 26 ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-34 വാഴോട്ടുകാല കുടിവെള്ള പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

വാഴോട്ടുകാല കുടിവെള്ള പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ 103 (അടങ്കൽ തുക- ടി.എസ്.പിഫണ്ട്-283000), പ്രോജക്ട് നമ്പർ 213(അടങ്കൽ T.S.P Fund 524300), പ്രോജക്ട് നമ്പർ 231(അടങ്കൽ തുക- ടി.എസ്.പി ഫണ്ട് 169421, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 179173) എന്നിങ്ങനെ മൂന്ന് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും അതിൽ പ്രോജക്ട് നമ്പർ 231 മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ഓപ്പൺ കിണർ കുഴിച്ച് കോൺക്രീറ്റ് സ്ററീനിംഗ് കൊടുക്കുന്നതിനും പമ്പ് ഹൌസ്, എലിവേറ്റഡ് വാട്ടർ ടാങ്ക് എന്നിവ നിർമ്മിച്ച് വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുമായി ആവിഷ്കരിച്ചിരുന്ന പ്രസ്തുത പദ്ധതിയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

എ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 24.10.2017 പഞ്ചായത്തിന് നൽകിയ ജി-3-6237/17-ാം നമ്പർ കത്തിൽ, വാഴോട്ടുകാല സെറ്റിൽമെന്റിലെ ശിവദാസൻ കാണിയുടെ കൈവശഭൂമിയിൽ കിണറും ടാങ്കും നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തു കൊണ്ട് ശിവദാസൻകാണി പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ ഒപ്പു വച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വാഴോട്ടുകാല കുടിവെള്ള പദ്ധതിയ്ക്കായി ശ്രീ. ശിവദാസൻ കാണി സ്ഥലം വിട്ടു നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി ബിൽ നമ്പർ 36/4.2.2020 പ്രകാരം 169421/- രൂപയും(ടി.എസ്.പി ഫണ്ട്) ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെക്ക് നമ്പർ 1788938/23.1.2020 പ്രകാരം 179173/- രൂപയും കരാറുകാരനായ ഗിരീഷ് ചന്ദ്രന് നൽകി. 2017-18ൽ ആരംഭിച്ച പ്രസ്തുത പദ്ധതിയിൽ നാളിതുവരെ ചെലവഴിച്ച തുക, ഫണ്ടിനം, പ്രോജക്ട് നമ്പർ എന്നീ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 32 ന് മറുപടി ലഭ്യമാക്കിയില്ല.

സി) ബിൽ പാർട്ട് ഉൾപ്പെട്ടിട്ടുള്ള എം.ബുക്ക് നമ്പർ 730 പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 18,00,000/- രൂപ ആവശ്യമായ പ്രവൃത്തിക്ക്, പഞ്ചായത്തിലെ നിലവിലുള്ള സാമ്പത്തിക സ്ഥിതി പരിഗണിച്ച് 5,00,000/- രൂപയാണ് വകയിരുത്തിയത്. 18ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 32) മറുപടി ലഭ്യമാക്കിയില്ല.

ഇ) 18.12.2021ൽ നടത്തിയ സ്ഥലപരിശോധനയിൽ നാളിതുവരെ ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതായി ബോധ്യപ്പെട്ടു. സ്ഥലം വിട്ടുകൊടുത്തയാളിന്റെ ഗാർഹിക ഇലക്ട്രിക് കണക്ഷനിൽ മേൽ വ്യക്തിയ്ക്ക് മാത്രം പ്രയോജനപ്രദമാം വിധം ഉപയോഗപ്പെടുത്തുന്നതായി കണ്ടു.

എഫ്) സ്ഥലപരിശോധനയിൽ എക്സ്ട്രാ ഇനം 5 Painting With Synthetic Enamel Paint- 6.973cm2gratings Paint ചെയ്യുന്നതിനായി തുക നൽകിയെങ്കിലും പ്രൈമർ മാത്രം ഉപയോഗിച്ചിട്ടുള്ളതിനാൽ തുരുമ്പെടുത്ത നിലയിലാണ്.

വാഴോട്ടുകാല സെറ്റിൽമെന്റിലെ 35ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടേണ്ട പദ്ധതിയുടെ തുടർനടപടികൾ അനിവാര്യമാണ്. അടിയന്തിരമായി ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി പഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുത്തി പ്രവർത്തനം ഗുണഭോക്തൃസമിതിയ്ക്ക് വിട്ടുനൽകി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-35 ഇലക്ട്രിക്കൽ പ്രവൃത്തി- കരാറുകാരന് മുഴുവൻ തുകയും നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 179 |
| പേര് | കൃഷിഭവൻ കുഴൽക്കിണർ നിർമ്മാണം |
| അടങ്കൽ | തനത് ഫണ്ട് 150000 |
| ചെലവ് | 111684 |
| ചെക്ക് നമ്പർ | 464271 |
| എം.ബുക്ക് നമ്പർ | 799/17-18<br>(ഇലക്ട്രിക്കൽ വർക്ക് എം.ബുക്ക് നം. 639/18-19 /4.1.2019) |
| കരാറുകാരൻ | കെ.എസ് പ്രസാദ് |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

എ)ഈ പ്രവൃത്തിയുടെ അന്തിമ ബിൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും സൂപ്പർ വിഷൻ ചാർജ്ജ് ഇനത്തിലും ജില്ലാപഞ്ചായത്ത് അക്രഡിറ്റഡ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കേണ്ട 3% തുക, ചെക്ക് മെഷറിംഗ് ചാർജ്ജിനത്തിൽ

കെ.എസ്.ഇ.ബി. അസി.എഞ്ചിനീയർക്ക് നൽകേണ്ട 1% എന്നിവ കൂടെ കരാറുകാരന് നൽകിയതായി ബോധ്യപ്പെട്ടു.

തുക നൽകിയതിന്റെ വിവരം(എം.ബുക്ക് 799/17-18/5.12.17)

ആകെ പ്രവൃത്തി മൂല്യം-129114/-(ഇതിൽ ഇലക്ട്രിക്കൽ വർക്കിന്റെ M Book പ്രകാരമുള്ള മൂല്യം കൂടി ഉൾപ്പട്ടിട്ടുണ്ട്)

( ഇലക്ട്രിക്കൽ വർക്ക് എം.ബുക്ക് നം. 639/18-19/4.1.2019)

ആകെ ഇലക്ട്രിക്കൽ വർക്കിന്റെ പ്രവൃത്തി മൂല്യം -66698

സൂപ്പർ വിഷൻ ചാർജ്ജ് 3% -2000.94

ചെക്ക് മെഷറിംഗ് ചാർജ്ജ്-666.98

ആകെ – 69366 )

കുറയ്ക്കുക

Tender Deduction@13.5%= 17430

IT – 1291/-

KCWWF – 1291/-

സൂപ്പർ വിഷൻ ചാർജ്ജ് 3% -2000.94

ചെക്ക് മെഷറിംഗ് ചാർജ്ജ്-666.98

Total Deductions =22679.92

കരാറുകാരന് നൽകിയ തുക =109102/-

പ്രസ്തുത തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

കരാറുകാരന് നൽകേണ്ടിയിരുന്ന തുക =129114-22679.92=106434.08

ബി) മേൽ പ്രവൃത്തിയിൽ സുലേഖ പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും RTGS ചെയ്തിരിക്കുന്നത് 17.6.2019ൽ മാത്രമാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 27 ന ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹണം നടത്തിയ എഞ്ചിനീയർമാർക്കുള്ള സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർ ചാർജ്ജസ് എന്നിവ കരാറുകാരിൽ നിന്നും തന്നെ അവർ കൈപ്പറ്റി റസീപ്റ്റ് നൽകിയതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ആയിരുന്ന മുഴുവൻ തുകയും അനുവദിച്ചതെന്നും ടി റസീപ്റ്റ് ഫയലിൽ നിന്നും നഷ്ടപ്പെട്ടതായി കാണുന്നുവെന്നും അറിയിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ മേൽ തുകകൾ സാംഖ്യ വഴി അലോട്ട്മെന്റ് ആയി എഞ്ചീനീയർമാരുടെ അക്കൌണ്ടിലേക്ക് അനുവദിച്ചു നൽകുകയാണെന്നും പദ്ധതിയിൽ നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ജി.ഒ(പി) നം. 1777/2008/fIN DATED 12.4.2006 പ്രകാരം ആയിരം രൂപയിൽ താഴെയുള്ള തുക മാത്രമേ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് തുകകയായി നൽകാൻ പാടുള്ളൂവെന്നിരിക്കെ ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹണം നടത്തിയ എഞ്ചിനീയർമാർക്കുള്ള സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർ ചാർജ്ജസ് എന്നിവ കരാറുകാരിൽ നിന്നും തന്നെ അവർ കൈപ്പറ്റി റസീപ്റ്റ് നൽകിയതായുള്ള മറുപടി അംഗീകരിക്കാവുന്നതല്ല. മേൽ വ്യക്തികൾക്ക് തുക ലഭ്യമായി എന്ന് ഉറപ്പു വരുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-36 ആസ്തി പരിപാലനം-നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി മാർഗരേഖ [സ.ഉ(കൈ)നം. 11/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. അത്തരത്തിലൊരു കമ്മിറ്റി രൂപീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 5ന് മുൻകാലത്ത് സചിത്ര സോഫ്റ്റ് വെയർ വഴി അപ്ഡേറ്റ് ചെയ്തിരുന്നുവെങ്കിലും ലഭ്യമായിരുന്ന റോഡുകൾ ആവർത്തിച്ചു വരുന്നതിനാൽ R- ട്രാക്കുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികൾക്ക് ശേഷം പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ, GPS കോർഡിനേറ്റുകൾ അടിസ്ഥാനമാക്കിയ കണക്ടിവിറ്റി പ്ലാൻ ഉടങ്ങി എല്ലാ നോൺ മൂവബിൾ ആസ്തികളുടേയും വിശദവിവരങ്ങൾ ലഭ്യമാകുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-37 റോഡ് കണക്ടിവിറ്റി പ്ലാൻ-ആധികാരികമാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011 /തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6) റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കാൻ KSREC തയ്യാറാക്കിയ ഓൺലൈൻ ഫ്ലാറ്റ് ഫോം ആയ R ട്രാക് വഴി ഫേസ് 1ൽ 2019-20 വർഷം LSGD എഞ്ചിനീയറിംഗ് വിഭാഗം വിവരശേഖരണം നടത്തിയിരുന്നുവെന്നും 2021-22ലും പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ഫേസ് 1 നടപ്പിലായതിന്റെ അടിസ്ഥാനത്തിൽ കണക്ടിവിറ്റിപ്ലാൻ, റോഡ് ലിസ്റ്റ് എന്നിവ തയ്യാറായിട്ടുണ്ടെന്നും, എങ്കിലും, വെരിഫിക്കേഷൻ അപ്രൂവൽ കഴിയുന്നതോടെ മാത്രമേ കുറ്റമറ്റതും ആധികാരികവും ആവൃകയുള്ളുവെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-38 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 2,08,331/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0117/20 |
| പ്രോജക്റ്റിന്റെ പേര് | പാങ്കോട് കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 2,50,000/-രൂപ<br>(വികസന ഫണ്ട്- എസ് സി പി) |
| ചെലവ് തുക | 2,08,331/-രൂപ |
| ബിൽ നമ്പർ/ തീയ്യതി തുക | 07/26-02-2020തുക208331/- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പാങ്കോട് കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം 2,50,000/-രൂപ വകയിരുത്തി 2,08,331/-രൂപ പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 12/16.12.21 ന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ 208331/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-39 പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കൽ നടപടിക്രമങ്ങളിൽ വീഴ്ച

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S046/20 |
| പ്രോജക്റ്റിന്റെ പേര് | പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 1,20,000/-രൂപ (വികസന ഫണ്ട്- ജനറൽ) |
| ചെലവ് തുക | 72570/-രൂപ (വികസന ഫണ്ട്- ജനറൽ) |
| ബിൽ നമ്പർ/ തീയ്യതി തുക | 10/03-03-2020l തുക 32570/-<br>12/ 03-03-2020 തുക 40000/- |

കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളീബോൾ എന്നീ ഗെയിമുകൾ സംഘടിപ്പിക്കുക, ടീമുകളെ രൂപീകരിക്കുക, പരിശീലനം നൽകുക എന്നിവയായിരുന്നു പ്രോജക്റ്റ് ലക്ഷ്യം. സർക്കാർ ഉത്തരവ് നമ്പർ 22/2018 /തസ്വഭവ തീയതി 14-02-2018 ലെ ഖണ്ഡിക 7.6(2) പ്രകാരം പഞ്ചായത്ത് തല ടീം രൂപീകരണത്തിൽ പ്രോജക്റ്റിന്റെ ലക്ഷ്യം കൈവരിക്കുന്നതിൽ ചുവടെ പരാമർശിക്കുന്ന നടപടികളും ഉൾപ്പെടുന്നു.

എ) പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി ക്രിക്കറ്റ്, ഫുട്ബോൾ, വോളിബോൾ, കബഡി എന്നിവയ്ക്കായി ഓരോ ഐറ്റത്തിനും വെവ്വേറെ സെലക്ഷൻ കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്.

ബി) പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെട്ട ടീമുകൾക്ക് സംസ്ഥാന/ജില്ല സ്പോർട്സ് കൗൺസിൽ കോച്ചുകൾ, സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കായിക അദ്ധ്യാപകർ, നിർദ്ദിഷ്ട ഗെയിംസുകളിലെ ജില്ല/സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം നൽകേണ്ടതാണ്.

സി)കേരളോത്സവം ഉൾപ്പെടെ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽതയ്യാറാക്കേണ്ടതാണ്.
എന്നാൽ പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഈ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പഞ്ചായത്ത് തല സ്പോർട്സ് ടീം രൂപീകരിക്കൽ എന്ന പദ്ധതി പ്രകാരം ഫുട്ബോൾ, ക്രിക്കറ്റ്, വോളിബോൾ, എന്നീ നാല് ഇനങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കുകയും പരിശീലനം, റിഫ്രഷ്മെന്റ്, യൂണിഫോം എന്നീ ചെലവുകളിലേക്കായി വികസന ഫണ്ടിൽ നിന്നും 72570/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ടീം രൂപീകരണത്തിനായി മൂന്ന് ഇനങ്ങളിലും പരിശീലകരെ നിയമിച്ച് 24500/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ ഇവരുടെ പ്രൊഫഷണൽ യോഗ്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/16.12.21), പരിശീലകരുടെ പ്രൊഫഷണൽ യോഗ്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-40 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാകാൻ കാലതാമസം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | SO125/20 |
| അടങ്കൽ | 200000(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 200000 |
| ബിൽ നമ്പർ | 02/30.09.2019 തുക 200000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ - ഹോമിയോ |

ഹോംകോയിൽ നിന്ന് മരുന്ന് വാങ്ങാനായി 200000 രൂപ 30.10.2019ൽ കൈമാറിയെങ്കിലും ഒരു വർഷം കഴിഞ്ഞാണ് മരുന്നുകൾ പൂർണമായും ലഭ്യമായത്. ഹോംകോയുമായി കരാറിലേർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| എൽ.എഫ്. 118/19.05.2020 | 80122 |
| എൽ.എഫ്. 992/07.08.2020 | 14085 |
| എൽ.എഫ്. 2086/13.01.2021 | 105793 |
| ആകെ | 200000 |

ഓഡിറ്റ് എൻക്വയറി നമ്പർ 17/17.12.2021ന്റെ മറുപടിയിൽ കാലതാമസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-41 യോഗ പരിശീലനം - നിർവ്വഹണത്തിലെ അപാകതകൾ

ഹോമിയോ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണത്തിൽ യോഗ പരിശീലനത്തിനായി 2019-20 വർഷം 3 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

എ)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുഷ്മായി ചേർന്ന് വനിതകൾക്ക് യോഗ പരിശീലനം |
| പ്രോജക്ട് നമ്പർ | SO160/20 |
| അടങ്കൽ | 80000(വികസന ഫണ്ട്) |
| ചെലവ് | 74000 |
| ബിൽ നമ്പർ | 01/26.04.2019 തുക 22200<br>05/28.10.2019 തുക 51800 |

ബി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുഷ്മായി ചേർന്ന് മുതിർന്ന പൌരന്മാർക്ക് യോഗ പരിശീലനം |
| പ്രോജക്ട് നമ്പർ | SO176/20 |
| അടങ്കൽ | 80000(വികസന ഫണ്ട്) |
| ചെലവ് | 52800 |

| | |
|---|---|
| ബിൽ നമ്പർ | 07/28.09.2019 |

സി)

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ആയുഷുമായി ചേർന്ന് കുട്ടികൾക്ക് യോഗ പരിശീലനം |
| പ്രോജക്ട് നമ്പർ | SO177/20 |
| അടങ്കൽ | 79000(വികസന ഫണ്ട്) |
| ചെലവ് | 58512 |
| ബിൽ നമ്പർ | 06/28.09.2019 തുക 56800<br>08/21.03.2020 തുക 1712 |

1)എല്ലാ പ്രോജക്ടുകളിലും ചെലവ് തുക പൂർണമായും യോഗ ഇൻസ്ട്രക്ടറായ സുനിത.എൽ.എസ്. ന് നല്കി.

2)പ്രോജക്ട് നമ്പർ SO160/20ൽ ബിൽ നമ്പർ 01 പ്രകാരം 22,200/- രൂപയിൽ 1200/- രൂപ യോഗ പരിശീലനത്തിന്റെ ഫോമും നിർദ്ദേശങ്ങളും പ്രിന്റ് ചെയ്തതിനാണ് ചെലവഴിച്ചത്. ബാക്കി 21,000/- രൂപ 300 യോഗ ബുക്കുകൾ 70/- രൂപ നിരക്കിൽ പ്രിന്റ് ചെയ്തതിനാണ്. ആകെ 30 പരിശീലനാർത്ഥികൾ പങ്കെടുത്ത പരിപാടിക്കായി 300 യോഗ ബുക്കുകൾ പ്രിന്റ് ചെയ്തു. മൂന്ന് പ്രോജക്ടുകൾ പ്രകാരം 120 പേർ പങ്കെടുത്തതായും ബോധവൽക്കരണത്തിനായി ബുക്കുകൾ വിതരണം ചെയ്തതായും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 18/17.12.2021ന്റെ മറുപടി).

3)പ്രോജക്ട് നമ്പർ SO177/20ൽ 08/21.03.2020പ്രകാരം ചെലവഴിച്ച 1,712/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. 21.06.2019ൽ അന്താരാഷ്ട്ര യോഗാ ദിനത്തോടനുബന്ധിച്ച് ഭരതന്നൂർ എൽ.പി.എസിൽ വച്ച് കുട്ടികൾക്കായി സംഘടിപ്പിച്ച യോഗാ ബോധവൽക്കരണത്തിനും പരിശീലനത്തിനുമായി ചെലവഴിച്ച തുകയാണെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

2018-19വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-31ലും പ്രസ്തുത പ്രോജക്ടിലെ അപാകതകൾ സംബന്ധിച്ച പരാമർശമുണ്ടായിരുന്നു.

പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ചെലവ് രേഖകൾ പൂർണമായും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും പ്രോജക്ട് നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-42 മെഡിക്കൽ ഓഫീസർ – പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO039/20 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,00,000/-(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 4,00,000/- |
| ബിൽ നമ്പർ | 04/22.11.2019 തുക 4,00,000/- |

എ)കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങാനായി 4,00,000/- രൂപ 22.11.2019ൽ കൈമാറിയെങ്കിലും ഒരു വർഷം കഴിഞ്ഞാണ് മരുന്നുകൾ പൂർണമായും ലഭ്യമായത്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 56272/05.02.2020 | 97359 |
| 57010/08.02.2020 | 771 |
| 62093/05.03.2020 | 137214 |
| 8384/26.05.2020 | 50104 |
| 14785/06.07.2020 | 60050 |
| 22657/03.09.2020 | 54502 |
| ആകെ | 400000 |

ബി) സ്റ്റോക്ക് രജിസ്റ്റർ, സബ് സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | SO151/20 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ(SO) |

| | |
|---|---|
| അടങ്കൽ | 1,87,122/-(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 1,87,122/- |
| ബിൽ നമ്പർ | 02/27.04.2019 തുക 1,87,122/- |

കാരുണ്യ ഫാർമസിയ്ക്ക് 1,87,122/- രൂപ കൈമാറി. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3)മെഡിക്കൽ ഓഫിസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ഫയലുകൾ ക്രമരഹിതവും അപൂർണവുമായാണ് ലഭ്യമാക്കിയത്.

വിശദീകരണമാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 45/ 22.12.2021) മറുപടി ലഭ്യമാക്കിയില്ല.

വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-43 മുൻകൂറായി നൽകിയ തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമായില്ല -4,28,300/-രൂപ തടസ്സപ്പെടുത്തുന്നു

വൗച്ചർ നം.21900126 തീ.31.05.19 പ്രകാരം (ചെക്ക് നം. 260251 10.05.19) മെഡിക്കൽ ഓഫീസർ പി.എച്ച്.സിയ്ക്ക് GO(RT) 923/2019/LSGD Dt.2.05.19 ന്റെ അടിസ്ഥാനത്തിൽ 19 വാർഡുകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ് ഒന്നിന് 10,000/-രൂപാ നിരക്കിൽ 1,90,000/-രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

കൂടാതെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജൻസി ചെലവുകൾക്കായി താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമായില്ല.

| വൗച്ചർ നമ്പർ | തീയതി | ചെക്ക് നമ്പർ | തീയതി | നിർവ്വഹണ ഉദ്യോഗസ്ഥർ | തുക |
|---|---|---|---|---|---|
| 21900175 | 24.06.19 | 260277 | 6.06.19 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 60000/- |
| 21900176 | 24.06.19 | 260278 | 6.06.19 | എച്ച്.എം, എൽ.പി.എസ്, ഭരതന്നൂർ | 35700/- |
| 21900177 | 24.06.19 | 260279 | 6.06.19 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18400/- |
| 21900178 | 24.06.19 | 260280 | 6.06.19 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 46200/- |
| 21900179 | 24.06.19 | 260281 | 6.06.19 | അഗ്രിക്കൾച്ചറൽ ഓഫീസർ, കൃഷി ഭവൻ | 50000/- |
| 21900180 | 24.06.19 | 260282 | 6.06.19 | എച്ച്.എം, ഗവ.ട്രൈബൽ സ്കൂൾ | 28000/- |

ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകി ഓഡിറ്റ് എൻക്വയറി നം. 47 നുള്ള മറുപടിയിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രേഖകൾ ഹാജരാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു. ജി.ഒ. (എം.എസ്.) 419/2011 ധനം 04.10.2011 പ്രകാരം മുൻകൂറുകൾ കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ചുപിടിക്കേണ്ടതും തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 18 ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുമാണ്. പ്രസ്തുത തുകകൾ അടിയന്തിരമായി ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

-

# ഭാഗം -3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 36,ക്ഷീര സമൃദ്ധി | 600000 | 66338 | 533662 |
| | 40,സ്നേഹസ്പർശം | 285000 | 285000 | 0 |
| | 166,ലൈഫ് -ഭവനനിർമ്മാണം (എസ് സി പി) | 110731 | 110731 | 0 |
| ആകെ | | 995731 | 462069 | 533662 |
| ബ്ലോക്ക് പഞ്ചായത്ത് | 36,ക്ഷീര സമൃദ്ധി | 600000 | 127874 | 472126 |
| | 40,സ്നേഹസ്പർശം | 285000 | 285000 | 0 |
| | 23,ലൈഫ് -പി എം എ വൈ ഭവനപദ്ധതി (എസ് സി) | 366707 | 366707 | 0 |
| | 166,ലൈഫ് -ഭവനനിർമ്മാണം (എസ് സി പി) | 149686 | 149686 | 0 |
| | 26,ലൈഫ് -പി എം എ വൈ ഭവനപദ്ധതി (എസ് ടി) | 222222 | 222222 | 0 |
| | 164,ലൈഫ് -ഭവനനിർമ്മാണം (ടി എസ് പി) | 8188 | 8188 | 0 |
| | 231,വാഴോട്ട്കാല കുടിവെള്ളപദ്ധതി | 228311 | 179173 | 49138 |
| ആകെ | | 1860114 | 1338850 | 521264 |

| | 18-19 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 19-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 627305 | 351338 | 978643 | 462069 | 516574 | 516574 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 639055 | 1420694 | 2059749 | 1338850 | 720899 | 526691 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല, ആയത്

പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രോജക്ട് നമ്പർ 172/20 | 82906 | 82906 | 0 |
| കേരള വാട്ടർ അതോറിറ്റി | കാഞ്ചിനട എൽ.പി.എസ്, വലിയവയൽ അംഗനവാടി പ്രോജക്ട് നമ്പർ212/20 | 100000 | 100000 | 0 |

| | 18-19 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 19-20 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 19-20 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 34025 | 82906 | 116931 | 0 | 116931 | 116931 |
| കേരള വാട്ടർ അതോറിറ്റി | 3178640 | 100000 | 3278640 | 0 | 3278640 | 3278640 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ(കോ ഓപറേറ്റീവ് ബാങ്ക്) | 4299195 | - | 2233802 | 2065393 |
| ലൈഫ്ഭവന വായ്പ (HUDCO) | 14833619 | 10820000 | 1942872 | 23710747 |

വായ്പയുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിയിൽ നിന്നം ലഭ്യമായ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. പ്രസ്തുത തുകകളുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രേഖൾ ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 3-4 | 9184 | അസിസ്റ്റന്റ് എഞ്ചിനീയർ | 119030101748/ 14.08.2019 |
| | | 3500 | | 119030100973/ 18.06.2019 |
| | | 7081 | | 119030100972/ 18.06.2019 |
| | ആകെ | 19765 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 3,12,60,356/- |
| ഓഡിറ്റ് വർഷത്തെ വരവ് | 9,21,82,644/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,84,68,025/- |
| നീക്കിയിരിപ്പ് | 3,49,74,975/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,98,537/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 82,906/- | 46930 – ശ്രീമതി രാധാമണി.എം.ജി., സെക്രട്ടറി<br>35976 – ശ്രീമതി കല.കെ.എസ്., സെക്രട്ടറി |
| 1-27 | 1,00,000/- | ശ്രീമതി കല.കെ.എസ്., സെക്രട്ടറി |
| 1-28 | 2,00,000/- | ശ്രീമതി രാധാമണി.എം.ജി., സെക്രട്ടറി |
| 1-29 | 15,79,000/- | ഡോ. അനില പീതാംബരൻ, വെറ്റിനറി സർജൻ |
| 1-38 | 2,08,331/- | ശ്രീമതി കല.കെ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-43 | 4,28,300/- | ശ്രീമതി രാധാമണി.എം.ജി., സെക്രട്ടറി |
| ആകെ | 25,98,537/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-5-1 | 3,360/- | ശ്രീമതി രാധാമണി.എം.ജി., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാധാമണി.എം.ജി., സെക്രട്ടറി | വിരമിച്ചു | എസ്.എസ്. വില്ല, കല്ലറ |
| ശ്രീമതി കല.കെ.എസ്., സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പാങ്ങോട് ഗ്രാമപഞ്ചായത്ത് | ലത മന്ദിരം, കളമച്ചൽ, വാമനപുരം |
| ഡോ. അനില പീതാംബരൻ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, പാങ്ങോട് ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, കൈലാത്തുർകോണം, കുറക്കട.പി.ഒ. പിൻ – 695104 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം. |
|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 4 |
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 1 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 2 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 7 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 4 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 6 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 13 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 15 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 9 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/955/2018 തീയതി 10-07-2018 | 7 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2156/16 തീയതി 10-07-2018 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1894/17 തീയതി 26-09-2017 | 20 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2330/18 തീയതി 20.10.2018 | 34 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.10/805/2020 തീയതി 06.10.2020 | 34 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്